DAYA HOSPITAL PUBLICATIONS

# അനുകമ്പയും ആരോഗ്യപരിചരണവും

ലോകാരോഗ്യ സംഘടന 2024ൽ പുറത്തിറക്കിയ
**കംപാഷൻ ആന്റ് പ്രൈമറി ഹെൽത്ത് കെയർ**
എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ പരിഭാഷ

പരിഭാഷ:
ഡോ. സനിത സത്യൻ

# അനുകമ്പയും
# ആരോഗ്യപരിചരണവും

**‘കംപാഷൻ ആന്റ് പ്രൈമറി ഹെൽത്ത് കെയർ’**
**എന്ന പേരിൽ ലോകാരോഗ്യസംഘടന 2024 ൽ ഇറക്കിയ**
**ഇംഗ്ലീഷ് പുസ്തകത്തിന്റെ പരിഭാഷ**


പരിഭാഷ :

**ഡോ. സനിത സത്യൻ**



പ്രസാധനം:

**ദയ ഹോസ്പിറ്റൽ പബ്ലിക്കേഷൻസ് സൊസൈറ്റി,**
**തൃശൂർ 680022**
**ഫോൺ: 85471 33088**

(Malayalam)
**Anukambayum Arogya paricharanavum**
**Compassion and Primary Health Care**
**World Health Organization; 2024. Licence: CC BY-NC-SA 3.0 IGO.**

Translated by:
**Dr. SANITHA SATHYAN**
Ph: 9495974411

DTP : Chithra, Turbosoft
Layout : V. Mohanan
Cover Design : Sarath K.M.
First Published : April 2025
Publishers : DAYA Hospital Publications Society,
Thiruvambady P.O.,
Thrissur 680 022
Ph: 85471 33088

"This translation was not created by the World Health Organization (WHO). WHO is not responsible for the content or accuracy of this translation. The original English edition shall be the binding and authentic edition".

Contribution:

**Rs. 50/-, Rs. 100/-** (by post)

# പ്രസാധകരുടെ കുറിപ്പ്

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ദയ ആശുപത്രി കംപാഷൻ അഥവാ അനുകമ്പ ഏതെല്ലാം വിധത്തിൽ ആരോഗ്യപരിചരണത്തിൽ നടപ്പാക്കാൻ കഴിയുമെന്ന അന്വേഷണത്തിലായിരുന്നു. അനേകം ചർച്ചകളും സെമിനാറുകളും പ്രസിദ്ധീകരണങ്ങളും ഈ വഴിക്കുണ്ടായി. പ്രാഥമിക ആരോഗ്യ പരിചരണത്തിൽ അനുകമ്പയുടെ സ്ഥാനമെന്താണെന്ന് വിശദീകരിക്കുന്ന ലോകാരോഗ്യസംഘടനയുടെ ഈ ലഘുപുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതും അതിന്റെ ഭാഗമായാണ്.

സാങ്കേതിക വളർച്ച ആരോഗ്യപരിചരണത്തിൽ ശീഘ്രഗതിയിൽ മാറ്റങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും ആരോഗ്യപരിപാലനത്തിന്റെ ഹൃദയം അനുകമ്പ തന്നെയാണ്. ചികിത്സയേക്കാളും രോഗികൾക്കാവശ്യം അനുകമ്പയോടെയുള്ള പരിചരണമാണ്. ചികിത്സയുടെ മുഖ്യഭാഗവും അത് തന്നെ. വിജയിച്ച ഏത് ആരോഗ്യപ്രവർത്തകനും ഏതെങ്കിലും നിലക്ക് അത് പ്രവർത്തിയിൽ കൊണ്ടുവരുന്നുണ്ടാകും. 'Empathy' എന്ന ഗുണമില്ലാത്ത ആരോഗ്യപ്രവർത്തകരേയും സ്ഥാപനങ്ങളേയും പൊതുജനം ദീർഘകാലം നിലനിർത്തില്ല. അതായത് കംപാഷൻ ഇല്ലാതെ ആരോഗ്യപ്രവർത്തനത്തിന് നിലനിൽക്കാനാവില്ല. മരുന്നിനോടും ശസ്ത്രക്രിയയോടും ഒപ്പം കരുണയുടേയും സ്നേഹത്തിന്റേയും സ്പർശം രോഗശമനത്തിന് ആവശ്യമാണ്.

രോഗപരിചരണത്തിൽ മാത്രമല്ല ലോകത്തിലെ സമസ്തവ്യവഹാരങ്ങളിലും അനുകമ്പ അത്യന്താപേക്ഷിതമാണ്. കച്ചവടത്തിലും മനുഷ്യബന്ധങ്ങളിലും കൂട്ടായ്മകളിലും സേവനമേഖലയിലും ഈ കംപാഷൻ ഇല്ലെങ്കിൽ സാമൂഹിക ഇടപാടുകൾ ഒരു തരിശു ഭൂമിയായിരിക്കും. ഇത് പരിശീലനത്തിലൂടെ മാത്രം വരേണ്ടതല്ല ഉള്ളിൽനിന്ന് തന്നെ ഉണ്ടാവേണ്ടതാണ്. എല്ലാ മികച്ച ഡോക്ടർമാർക്കും ഈ സവിശേഷത ഉണ്ടെണന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മതമൂല്യങ്ങളുമായി അനുകമ്പയെ ബന്ധപ്പെടുത്തി കൂടുതൽ മികച്ച രീതിയിൽ ഇത് പ്രവൃത്തിയിൽ കൊണ്ടുവരാൻ കഴിയും എന്ന തത്വത്തോട്

എനിക്ക് യോജിപ്പില്ല. ചരിത്രത്തിൽ സംഘടിതമതങ്ങളാണ് മനുഷ്യ രാശിയോട് ഏറ്റവും കൂടുതൽ ക്രൂരതകൾ പ്രകടിപ്പിച്ചിട്ടുള്ളത്. സംഘടിത പ്രസ്ഥാനങ്ങൾ അവരുടെ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാർക്ക് അധികാരവും പണവും ലഭിക്കാനുള്ള ഒരു വഴി മാത്രമാണ് മതം. അനുകമ്പയ്ക്കു വേണ്ടി ഈ മാതൃകകളെ പിന്തുടരുന്നതിൽ അർത്ഥമില്ല.

ആരോഗ്യ പ്രവർത്തകർക്കപ്പുറം നമ്മുടെ സാന്ത്വനപ്രവർത്തകരും ആക്ടിവിസ്റ്റുകളിൽ കുറേ പേരും അനുകമ്പയുടെ ഉദാത്ത മാതൃകകളായി നമുക്ക് ചുറ്റുമുണ്ട്. ആരോഗ്യപരിചരണത്തിലും, മാനുഷികക്ഷേമപ്രവർത്തനങ്ങളിലും അവരുടെ ധാരാളം സംഭാവനകളുണ്ട്.

അനുകമ്പയുടെ മിക്കവാറും എല്ലാ വശങ്ങളും ഈ പുസ്ത കത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ലോകാരോഗ്യസംഘടനയുടെ ഈ പുസ്തകം മനുഷ്യവ്യവഹാരങ്ങളിൽ അനുകമ്പ പോഷിപ്പിക്കുന്നതിന് ഒരു കൈപുസ്തകമായി ചർച്ചചെയ്യപ്പെടണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. ഗ്ലോബൽ ഹെൽത്ത് കംപാഷൻ എന്ന സങ്കൽപ്പനത്തിന്റെ ഭാഗമായി പല റൗണ്ടുകളിൽ ലോകാരോഗ്യസംഘടന നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ സംഗ്രഹമാണ്, ഈ കൈപ്പുസ്തകം.

ഈ പുസ്തകം ഭംഗിയായി പരിഭാഷപ്പെടുത്തിയ ഡോ. സനിത സത്യന് പ്രത്യേകം നന്ദി.

**ഡോ.വി.കെ.അബ്ദുൾ അസീസ്**
ദയ ഹോസ്പിറ്റൽ
പബ്ലിക്കേഷൻസ് സൊസൈറ്റി.

# വിവർത്തകയുടെ കുറിപ്പ്

പ്രാഥമികാരോഗ്യരംഗത്ത് അനുകമ്പയുടെ പ്രാധാന്യത്തെക്കുറിച്ച് ലോകാരോഗ്യസംഘടന പുറത്തിറക്കിയ 'Compassion and Primary Health care' എന്ന ലഘുരേഖയുടെ മലയാള പരിഭാഷയാണ് ഈ പുസ്തകം. മനുഷ്യന് മനുഷ്യനോടുള്ള കരുതലും അനുകമ്പയെന്ന മൂല്യത്തിൽ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും ആരോഗ്യപരിപാലനസംവിധാനത്തിന്റെ മൂലക്കല്ലാണ് എന്ന ചിന്തയാണ് ഈ ഉദ്യമത്തിന്റെ പ്രചോദനം. സാങ്കേതികതയുടെയും ജോലിഭാരത്തിന്റെയും ഇടയിലകപ്പെട്ട് ആരോഗ്യപരിപാലനസംവിധാനങ്ങൾക്കുള്ളിലും ആരോഗ്യപ്രവർത്തകർക്കിടയിലും അനുകമ്പ എന്ന പരമപ്രധാനമായ മൂല്യം എപ്രകാരമാണ് അരികുവൽക്കരിക്കപ്പെട്ടത് എന്നത് ഒരു ചികിത്സക എന്ന നിലയിൽ വ്യക്തിപരമായി എനിക്ക് വളരെ പ്രകടമായ ഒരു കാഴ്ചയാണ്. അതോടൊപ്പം, 'താൻ കാണപ്പെടുകയും കേൾക്കപ്പെടുകയും ചെയ്യുന്നു' എന്ന അറിവ് രോഗിയെ സംബന്ധിച്ച് എത്രത്തോളം ആശ്വാസം നൽകുന്നതാണെന്നും ചികിത്സയോടുള്ള സമീപനത്തിലും രോഗശാന്തിയിലേക്കുള്ള യാത്രയിലും വളരെയധികം ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കെൽപ്പുള്ളതാണെന്നതും നേരനുഭവമാണ്. ആഴത്തിൽ വേരോടിയിട്ടുള്ള ഈ വൈരുദ്ധ്യത്തെ അഭിസംബോധന ചെയ്യുന്ന പ്രവർത്തനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന ബോധ്യത്തിലാണ് ഈ പരിഭാഷ നിർവ്വഹിക്കുന്നത്.

'Compassion' എന്ന ഇംഗ്ലീഷ് വാക്കിന്റെ സ്ഥാനത്ത് 'അനുകമ്പ' എന്ന വാക്കാണ് ഈ പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. 'കരുണ', 'സഹാനുഭൂതി', 'അനുതാപം', 'അൻപ്' എന്നീ വാക്കുകൾ മുന്നിൽ വന്നെങ്കിലും 'വൈകാരികമായ ഉൾക്കൊള്ളലിനൊപ്പം പ്രവർത്തനപരത'യും എന്ന അർത്ഥം കൂടുതൽ വ്യക്തമാകുന്നത് എന്ന രീതിയിലാണ് 'അനുകമ്പ ഉപയോഗിച്ചിട്ടുള്ളത്. 'Compassion' എന്ന വാക്കിന്റെ സാംസ്കാരികമായും പ്രയോഗപരമായുമുള്ള അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ ഈ മൊഴിമാറ്റത്തെ വായിക്കണമെന്ന് അപേക്ഷിക്കുന്നു.

ഈ പരിഭാഷയുടെ ആശയം നിർദ്ദേശിച്ചതിനും സമയബന്ധിതമായി അത് പൂർത്തിയാക്കുന്നതിനും കൂടെനിന്ന ഡോക്ടർ ബ്രഹ്മപുത്രനും അഭിപ്രായങ്ങളറിയിച്ച മനു ജോസിനും കവർ ഒരുക്കിയ ശരത്തിനും പ്രസാധനം നിർവ്വഹിച്ച ദയ ഹോസ്പിറ്റൽ പബ്ലിക്കേഷൻ സൊസൈറ്റിക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

**– ഡോ. സനിത സത്യൻ**

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 7 |
| 2. | പ്രധാന സന്ദേശങ്ങൾ | 9 |
| 3. | അനുകമ്പയും പ്രാഥമികാരോഗ്യപരിചരണവും | 11 |
| 4. | ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ടുകളിൽ നിന്നുള്ള ഉൾക്കാഴ്ചകൾ | 22 |
| 5. | ആരോഗ്യ പരിചരണത്തിൽ അനുകമ്പയ്ക്കുള്ള തടസ്സങ്ങൾ | 30 |
| 6. | അടിത്തറയൊരുക്കൽ | 33 |
| | Further information | 36 |
| | References | 38 |

# 1 ആമുഖം

മനുഷ്യരാശിയുടെ സാർവ്വത്രികമായ പങ്കിടൽ അനുഭവത്തിൽ നിന്നാണ് അനുകമ്പ ഉടലെടുക്കുന്നത്. സാമൂഹികനീതി, ആരോഗ്യപരമായ തുല്യത, മനുഷ്യന്റെ അന്തസ്സ്, സമൃദ്ധി എന്നിവയുടെ സേവനത്തിനായി ഇതിനെ വളർത്താനും ഉപയോഗിക്കാനും വഴിതിരിച്ചുവിടാനും കഴിയും. ആഗോള ആരോഗ്യത്തിനായുള്ള ഒരു പ്രധാനമൂല്യമാണ് അനുകമ്പ. ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഇത് നിർണ്ണായകമാണ്.

വൈയക്തികമായ തലത്തിൽ അനുകമ്പ മനുഷ്യമസ്തിഷ്കത്തിൽ അന്തർലീനമാണ്. ശാസ്ത്രജ്ഞർ അനുകമ്പയുടെ നാഡീപാതകൾ കണ്ടെത്തിയിട്ടുണ്ട്. അവ മസ്തിഷ്കത്തിലെ പ്രതിഫലകേന്ദ്രങ്ങളുമായി (reward centres) ബന്ധപ്പെട്ടിരിക്കുന്നു.[1] അനുകമ്പ നൽകുന്നതിനും സ്വീകരിക്കുന്നതിനും സഹായിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്ന ഘടകങ്ങളെ മനഃശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞിട്ടുണ്ട്.[2] രോഗികൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ എല്ലാ അംഗങ്ങളും ആരോഗ്യസംരക്ഷണവിദഗ്ധരും അനുകമ്പയെ വിലമതിക്കുന്നു. ഇരുവിഭാഗങ്ങൾക്കും ശ്രദ്ധിക്കപ്പെടാനും കേൾക്കപ്പെടാനും വിലമതിക്കപ്പെടാനും ആഗ്രഹമുണ്ട്. ഇത്തരം ആളുകളെ സേവിക്കാൻ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്ന ആരോഗ്യസംവിധാനങ്ങളിൽ അനുകമ്പ ഒരു അത്യന്താപേക്ഷിതഘടകമാണ്; അല്ലാതെ ഒരു പാർശ്വഘടകമല്ല. അനുകൂലമായ വ്യക്തിബന്ധങ്ങളിലൂടെയും ചുറ്റുപാടുകളിലൂടെയും ഇത് വ്യാപിക്കുന്നു. ആരോഗ്യസംവിധാനങ്ങളിൽ അനുകമ്പ പൂർണ്ണമായി ഉൾച്ചേർക്കുന്നതിന്, സാമൂഹിക സ്ഥാപനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ എന്നീ അടിസ്ഥാനത്തിലും ദേശീയ നയരൂപീകരണത്തിലും ശ്രദ്ധ ആവശ്യമാണ്.

അനുകമ്പാപൂർണ്ണമായ പരിചരണം അത് സ്വീകരിക്കുന്നവർക്ക് ശാരീരികവും മാനസികവുമായ ഗുണങ്ങൾ നൽകുന്നു. ഉദാഹരണമായി അനുകമ്പയ്ക്ക് സമ്മർദ്ദം മൂലമുണ്ടാകുന്ന രോഗങ്ങളുടെ ക്ലേശങ്ങൾ കുറയ്ക്കാനും വേദനയുടെ അനുഭവം നേർപ്പിക്കാനും രോഗപ്രതിരോധവ്യൂഹം, അന്തഃസ്രാവീവ്യൂഹം എന്നിവയിൽ ഗുണപരമായ ഫലങ്ങൾ ഉണ്ടാക്കാനും

സാധിക്കും.[1] അനുകമ്പയോടെ രോഗീപരിചരണം ചെയ്യുന്ന ആരോഗ്യസംരക്ഷണവിദഗ്ധർക്ക് കൂടുതൽ ക്ഷേമവും തൊഴിൽപരമായ സംതൃപ്തിയും ഉണ്ടെന്ന് ഗവേഷണം വ്യക്തമാക്കുന്നു. അനുകമ്പയുള്ള ആരോഗ്യസംവിധാനങ്ങൾ ഉയർന്ന ഗുണമേന്മയുള്ള പരിചരണം ഉറപ്പാക്കുന്നു. ഇത് കാര്യക്ഷമത, സുരക്ഷ, വ്യക്തികേന്ദ്രീകൃതത എന്നിവയെ ഗുണപരമായ രീതിയിൽ സ്വാധീനിക്കുന്നു.[4] പരിചരണം സ്വീകരിക്കുന്നവരുടേയും അത് നൽകുന്നവരുടേയും ക്ഷേമത്തിൽ അനുകമ്പ ചെലുത്തുന്ന എണ്ണമറ്റ ഗുണഫലങ്ങളിൽ ചിലത് മാത്രമാണിത്.

ആരോഗ്യസംരക്ഷണസേവനങ്ങളുടെ ഗുണമേന്മയിലും പ്രാഥമികാരോഗ്യപരിപാലനവുമായുള്ള പരസ്പരബന്ധങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തി ആഗോളആരോഗ്യത്തിൽ അനുകമ്പയുടെ പങ്ക് അന്വേഷിക്കാൻ ലോകാരോഗ്യസംഘടന ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ അഭ്യർത്ഥനക്കു ശേഷം അഞ്ചു വർഷങ്ങൾക്കുള്ളിൽ, ലോകാരോഗ്യസംഘടനയും ടാസ്ക് ഫോഴ്സ് ഫോർ ഗ്ലോബൽ ഹെൽത്തിന്റെ ഫോക്കസ് ഏരിയ ഫോർ കംപാഷൻ ആന്റ് എത്തിക്സും ആരോഗ്യരംഗത്ത് അനുകമ്പയെക്കുറിച്ച് പഠിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ അന്വേഷണത്തിലൂടെ, പ്രത്യേകിച്ച് പ്രാഥമികാരോഗ്യരംഗവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പ്രധാന കാര്യങ്ങളും സന്ദേശങ്ങളും ഈ രേഖയിൽ സംഗ്രഹിച്ചിരിക്കുന്നു.

# 2 പ്രധാന സന്ദേശങ്ങൾ

## അനുകമ്പയുടെ ഘടകങ്ങൾ: അവബോധം, സഹാനുഭൂതി, പ്രവർത്തനം

സന്ദർഭം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട് അനുകമ്പ എന്ന ആശയത്തിന് നിരവധി വ്യാഖ്യാനങ്ങളുണ്ടായേക്കാമെങ്കിലും ഈ അന്വേഷണം മുൻനിർത്തി പ്രായോഗികതലത്തിൽ നിർമ്മിച്ചിരിക്കുന്ന നിർവ്വചനത്തിൽ മൂന്ന് അവശ്യഘടകങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. അവബോധം, സഹാനുഭൂതി, പ്രവർത്തനം എന്നിവയാണവ. വേദനയോടും ക്ലേശങ്ങളോടും അനുതാപപൂർവ്വം പ്രതികരിക്കുക എന്നത് സാധ്യമാകണമെങ്കിൽ വേദനയും ക്ലേശങ്ങളും നിലനില്ക്കുന്നു എന്നത് ആദ്യംതന്നെ അംഗീകരിക്കപ്പെടണം. ഈ അവബോധം അനുതാപത്തിലേയ്ക്ക് നയിക്കുകയും, അത് വേദനയെയും ദുരിതത്തേയും പ്രതിരോധിക്കാനും അവയുടെ ആക്കം കുറയ്ക്കാനുമായി പ്രവർത്തിക്കുവാനുമുള്ള ഇച്ഛ ഉണർത്തുകയും ചെയ്യും.

## പരിചരണത്തിന്റെ ഗുണമേന്മയ്ക്ക് അനുകമ്പ അത്യാവശ്യമാണ്.

നിലനിൽക്കുന്ന ആരോഗ്യസംവിധാനങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ഒരു പ്രധാന പ്രവേശനമാർഗ്ഗമാണ് അനുകമ്പ. ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്താൻ അനുകമ്പ മുൻനിർത്തിയുള്ള തുടർച്ചയായ പുരോഗതി കൈവരിക്കാനുതകുന്ന രീതികൾ നിലവിൽ വരേണ്ടതുണ്ട്. എന്നാൽ ഇത്തരം രീതികൾ ലഘൂകരണസ്വഭാവമോ അധികഭാരമോ ഉള്ളതാകാനും പാടില്ല. അനുകമ്പ ഉൾച്ചേർന്ന ഒരു ആരോഗ്യസംരക്ഷണ അന്തരീക്ഷം ആരോഗ്യപ്രവർത്തകർ പരസ്പരം ഇടപഴകുന്ന രീതിയേയും മെച്ചപ്പെട്ട സേവനങ്ങൾ നൽകാനുള്ള അവരുടെ ഇച്ഛയേയും വളരെയധികം സ്വാധീനിക്കുന്നു. [4, 5]

## ആരോഗ്യസംവിധാനത്തിലെ ഫലപ്രദമായ നേതൃത്വത്തിനും സംഘാടനത്തിനും അനുകമ്പ അത്യന്താപേക്ഷിതമാണ്.

ആരോഗ്യരംഗത്തെ നേതാക്കൾ സംഘടനാസംസ്കാരങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ജീവനക്കാരുടെ

ക്ഷേമത്തെ വിലമതിക്കുകയും അനുകമ്പയെ മാതൃകയാക്കുകയും ചെയ്യുന്ന നേതാക്കൾ ആരോഗ്യസംഘടനകളിൽ അനുകമ്പ ഉൾച്ചേർന്നിട്ടുള്ള സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു. നേതാക്കൾ അനുകമ്പയോടെ പെരുമാറുന്നത് ജീവനക്കാർക്ക് പ്രചോദനമാകുകയും അവരേയും അതേ രീതിയിൽ പെരുമാറാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അനുകമ്പയോടുകൂടെയുള്ള സ്വയം പരിചരണത്തിൽ (Self Care) പരിശീലനം നേടുന്നത് ആരോഗ്യപ്രവർത്തകർക്കിടയിൽ ഉണ്ടാകുന്ന ധാർമ്മികമായ അപചയം, എരിഞ്ഞൊടുങ്ങൽ (burn out), തൊഴിലിലുള്ള താല്പര്യമില്ലായ്മ, ഗുണപരമായ രീതിയിലല്ലാത്ത ഇണങ്ങിച്ചേരൽ എന്നിവ പരിഹരിക്കാൻ സഹായിക്കും.[6] സ്വന്തം ആവശ്യങ്ങൾ ശ്രദ്ധിക്കാനും തന്നോടുതന്നെ കരുണാപൂർവ്വം പെരുമാറാനും സാധിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് മറ്റുള്ളവരോട് കൂടുതൽ അനുകമ്പ കാണിക്കാൻ സാധിക്കും. ഇപ്രകാരം അനുകമ്പ കാണിക്കുന്ന നേതാക്കൾ തങ്ങളുടെ സഹപ്രവർത്തകരെ അത്തരത്തിൽ പെരുമാറാൻ പ്രോത്സാഹിപ്പിക്കുകയും അതുവഴി അവർക്കിടയിൽ കൂടുതൽ ബഹുമാനവും വിശ്വാസവും വളരാൻ ഇടയാക്കുകയും ചെയ്യുന്നു.

## അനുകമ്പാപൂർണ്ണമായ പ്രവർത്തനങ്ങൾക്ക് പ്രാഥമികാരോഗ്യ രംഗത്തെ നയിക്കാൻ സാധിക്കും

സാർവ്വത്രിക ആരോഗ്യപരിരക്ഷയിലേയ്ക്കുള്ള മുന്നേറ്റത്തിനായി ലോകരാജ്യങ്ങളിലെ ആരോഗ്യസംവിധാനങ്ങളെ പ്രാഥമികാരോഗ്യ മാതൃകയിലേക്ക് സമൂലമായി പരിവർത്തനം ചെയ്യേണ്ടതുണ്ട്. പ്രാഥമികാരോഗ്യ മാതൃകയ്ക്ക് രൂപം നൽകിയ 1978-ലെ അൽമാ അറ്റ[7] പ്രസ്താവന മുതൽ 2018 ലെ അസ്താന പ്രസ്താവന വരെ കാരുണ്യം എന്ന ആശയം പ്രാഥമികാരോഗ്യമാതൃകയുടെ അടിസ്ഥാനശിലയായി കണക്കാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യരംഗത്തെ ആരോഗ്യപ്രവർത്തകരെ അവരുടെ ദൈനംദിന പ്രവൃത്തികളിൽ അനുകമ്പയോടെ പെരുമാറാൻ പ്രചോദിപ്പിക്കുന്നതിനോടൊപ്പം ഭാവിയെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ആരോഗ്യസംവിധാനങ്ങളെ പുനഃക്രമീകരിക്കുന്നതിനും ഇത് സഹായകമാണ്.

# 3

# അനുകമ്പയും പ്രാഥമിക ആരോഗ്യപരിചരണവും

**സത്ത:**

ആഗോളവ്യാപകമായ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട മറ്റു പല വിഷയങ്ങളിലെന്ന പോലെ അനുകമ്പയ്ക്ക് ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിലുള്ള പങ്ക് പലപ്പോഴും പരോക്ഷമായി മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. പ്രാഥമികാരോഗ്യ സമീപനത്തിൽ അനുകമ്പയുടെ സ്ഥാനം പ്രഥമപ്രധാനമാണെന്ന നിലയിൽ കൃത്യമായി നിർവ്വചിക്കപ്പെടാത്തിടത്തോളം ഈ ആശയത്തിന് കരുത്തുള്ള ഒരു ആരോഗ്യ പ്രസ്ഥാനത്തിലൂടെ ആരോഗ്യവിദഗ്ധരുടെ ക്ഷേമം, സാമൂഹിക ഉന്നമനം എന്നിവയെ ശക്തിയുക്തമായി നയിച്ചു മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. 2018-ലെ അസ്താന[8] പ്രഖ്യാപനത്തിലാണ് അനുകമ്പയെ കൂടുതൽ പ്രത്യക്ഷമായ രീതിയിൽ അവതരിപ്പിച്ചിട്ടുള്ളത്. "ഗുണനിലവാരമുള്ളതും സുരക്ഷിതവും സംയോജിതവും സമഗ്രവും പ്രാപ്യവും ലഭ്യവും സാമ്പത്തികമായി താങ്ങാവുന്നതുമായ പ്രാഥമികാരോഗ്യസംരക്ഷണസംവിധാനങ്ങൾ സമൂഹത്തിലെ എല്ലാവർക്കും, എല്ലായിടങ്ങളിലും അനുകമ്പയോടെയും ബഹുമാനപൂർവ്വവും അന്തസ്സോടും കൂടി ഉചിതമായ പരിശീലനവും വൈദഗ്ധ്യവും അർപ്പണമനോഭാവവും പ്രചോദനവുമുള്ള ആരോഗ്യവിദഗ്ദ്ധരാൽ നൽകപ്പെടേണ്ടതാണ്" എന്ന് അസ്താന പ്രഖ്യാപനം വ്യക്തമാക്കുന്നു. ആരോഗ്യസംരക്ഷണപ്രസ്ഥാനങ്ങളുടെ എല്ലാതലത്തിലും ഈ ഉൾക്കാഴ്ചയോടു കൂടിയുള്ള സമീപനം കൂടിച്ചേർത്ത് നീതിയുക്തവും തുല്യതയിലധിഷ്ഠിതവുമായ ഒരു ആരോ ഗ്യസംവിധാനം രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും സമുദായങ്ങൾക്കും ഉറപ്പുവരുത്താൻ അനുകമ്പയിലധിഷ്ഠിതമായ ആരോഗ്യസംവിധാനങ്ങൾക്ക് സാധിക്കും. ശക്തമായി ബന്ധപ്പെട്ടിരിക്കുന്ന ഈ മൂന്നു ഘടകങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ അനുകമ്പയിലധിഷ്ഠിതമായ പ്രാഥമികാരോഗ്യസംരക്ഷണം സാക്ഷാത്കരിക്കാനാവൂ. പട്ടിക-1ൽ കൊടുത്തിരിക്കുന്ന സൂചനകൾ തുടരന്വേഷണങ്ങൾക്ക് തുടക്കം നൽകാൻ ഉതകുന്നതായിരിക്കും.

**പ്രാഥമിക ആരോഗ്യസംരക്ഷണത്തിന്റെ മൂന്ന് ഘടകങ്ങൾക്ക് അനുകമ്പയോടു ബന്ധപ്പെടുത്തിയുള്ള പ്രാധാന്യം (പട്ടിക 1)**

| ഘടകങ്ങൾ | അനുകമ്പയുടെ പ്രാധാന്യം |
|---|---|
| സംയോജിത ആരോഗ്യസേവനങ്ങൾ: | അനുകമ്പയോടെ രൂപകല്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന സേവനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. ആരോഗ്യാഭിവൃദ്ധി മാർഗ്ഗങ്ങൾ മുതൽ രോഗപ്രതിരോധം, ചികിത്സ, പുനരധിവാസം, സാന്ത്വനചികിത്സ വരെയുള്ള അവശ്യ ആരോഗ്യസേവനങ്ങളുടെ പൂർണ്ണമായ ശ്രേണിയിൽ അനുകമ്പയെ ഉൾച്ചേർക്കേണ്ടതുണ്ട്. ജീവിതത്തിലുടനീളം മനുഷ്യന്റെ കഷ്ടപ്പാടുകളെക്കുറിച്ചുള്ള അവബോധവും സഹാനുഭൂതിയും വ്യക്തികൾക്കും സമൂഹങ്ങൾക്കും വേണ്ടിയുള്ള ആരോഗ്യസേവനങ്ങളെ ഉത്തമീകരിക്കുന്ന പ്രവർത്തനങ്ങളെ പ്രേരിപ്പിക്കും. പൊതുജനാരോഗ്യസേവനങ്ങളുടെയും പ്രാഥമികപരിചരണത്തിന്റെയും സംയോജനം പൊതുവായും അടിയന്തരവുമായുള്ള ആരോഗ്യപ്രശ്നങ്ങളിൽ അനുകമ്പയിലധിഷ്ഠിതമായ തീരുമാനങ്ങളും തുടർനടപടികളും സ്വീകരിക്കുന്നതിന് പ്രാപ്തമാക്കും. |
| ശാക്തീകരിക്കപ്പെട്ട വ്യക്തികളും സമൂഹങ്ങളും: | അനുകമ്പാപ്രധാനമായ രീതികൾക്ക് വ്യക്തികളെ പൂർണ്ണമായ അർത്ഥത്തിൽ കാണാനും ആഴത്തിൽ അറിയാനും അവരുടെ മാനുഷികതയോട് ഉചിതമായി പ്രതികരിക്കുവാനും കഴിയും. കലർപ്പില്ലാത്ത ബന്ധത്തിന്റേയും വിശ്വാസത്തിന്റേയും ഈ പങ്കിട്ട ഇടത്തിൽനിന്ന് ആരോഗ്യമേഖലയിലും അതിനപ്പുറത്തുനിന്നും പങ്കാളിത്തത്തോടെ വികസിപ്പിച്ച, സമൂഹത്തിൽനിന്നുതന്നെ ഉയർന്നുവന്ന പരിഹാരങ്ങളും സംഘടനാപരമായ നയങ്ങളും രൂപപ്പെട്ടേക്കാം. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും ആരോഗ്യം മെച്ചപ്പെടുത്താൻ അനുകമ്പയിലധിഷ്ഠിതമായ രീതികൾ സഹായിക്കുന്നു. |

| | |
|---|---|
| ബഹുതല നയവും പ്രവർത്തനവും: | ഒരു വ്യക്തിയുടേയും സമൂഹത്തിന്റേയും പൊതുവായ ആരോഗ്യവും ക്ഷേമവും സമഗ്രമായി സംരക്ഷിക്കുന്നതിന് വിവിധ മേഖലകളിലുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. ആരോഗ്യസംവിധാനത്തിലെ അന്തർവൈജ്ഞാനിക പങ്കാളിത്തത്തിലായാലും ബഹുതലവിഭാഗങ്ങൾ തമ്മിലുള്ള കൂട്ടായ ശ്രമങ്ങളിലായാലും, എല്ലാവരുടേയും ക്ഷേമത്തിനായി ഒത്തൊരുമയോടെ പ്രവർത്തിക്കാൻ അനുകമ്പ ആളുകളെ പ്രേരിപ്പിക്കുന്നു. ക്ലേശങ്ങളിലും ദുരിതങ്ങളിലും ശ്രദ്ധ പതിപ്പിക്കുകയും വിശാലമായ ആരോഗ്യനിർണ്ണയഘടകങ്ങളിൽ നടപടിയെടുക്കുകയും ചെയ്യേണ്ടത് പരമപ്രധാനമാണ്. |

## അനുകമ്പയും പ്രാഥമികാരോഗ്യസംരക്ഷണത്തിന്റെ പ്രായോഗിക ചട്ടക്കൂടും

പ്രാഥമികാരോഗ്യസംരക്ഷണത്തെ മുൻനിർത്തിയുള്ള ആരോഗ്യസംവിധാനം നടപ്പിൽ വരുത്തുന്നതിന് അനുകമ്പയുമായി ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്ത മേഖലകളിലെ വൈയക്തിവും പാരസ്പരികവും സംവിധാനപരവുമായ തലങ്ങളിൽ ബോധപൂർവ്വമായ ഏകോപനം വളർത്തിയെടുക്കണ്ടത് വളരെ പ്രധാനമാണ്. പ്രാഥമികാരോഗ്യസംരക്ഷണ കേന്ദ്രീകൃതമായ ആരോഗ്യസംവിധാനത്തിന്റെ സമഗ്രമായ അഭിവൃദ്ധിക്ക് മൗലികമായ പ്രേരണനൽകാൻ അനുകമ്പ മുൻനിർത്തിയുള്ള കരുതൽ സംവിധാനങ്ങൾക്ക് സാധിക്കും.[9]

പ്രാഥമിക ആരോഗ്യസംരക്ഷണ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് തന്ത്രപരമായ നാല് പ്രേരണാശക്തികൾ (പട്ടിക–2) പ്രധാനമാണ്. ഇത്തരം സംവിധാനങ്ങൾ ഫലപ്രദമായും സുസ്ഥിരമായും കൊണ്ടുപോകുന്നതിന് പത്ത് പ്രായോഗികരീതികളും വിശദമാക്കപ്പെടുന്നുണ്ട്.

**അനുകമ്പയും പ്രധാനപ്പെട്ട തന്ത്രപരമായ പ്രേരണാശക്തികളും (പട്ടിക 2)**

| | |
|---|---|
| രാഷ്ട്രീയ പ്രതിബദ്ധതയും നേതൃത്വവും: | ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാഥമികാരോഗ്യസംരക്ഷണരംഗത്തിനുതകുന്ന വ്യവസ്ഥാപരമായ മാറ്റങ്ങൾ വികസിപ്പിക്കാനും നടപ്പിലാക്കാനും നിലനിർത്താനാവശ്യമായ രാഷ്ട്രീയ പ്രതിബദ്ധതയ്ക്കും അനുകമ്പ ഇന്ധനം നൽകും. അനുകമ്പയുടെ മൂല്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നേതൃത്വം അനുകമ്പ വളർത്തുന്ന സംസ്കാരങ്ങളും സ്ഥാപനങ്ങളും സൃഷ്ടിക്കുന്നു. ഇത് പ്രാഥമിക ആരോഗ്യസംരക്ഷണം മുന്നോട്ടുകൊണ്ടുപോകുന്ന രാഷ്ട്രീയ തീരുമാനങ്ങളെ സഹായിക്കുന്നു. |
| ഭരണകൂടവും നയപരമായ ചട്ടക്കൂടുകളും: | കരുണ അടിസ്ഥാനപ്പെടുത്തിയുള്ള ആരോഗ്യ സംവിധാനങ്ങൾ വ്യക്തിപരമായ ആരോഗ്യപ്രവർത്തകരുടെ അനുകമ്പയേയും അനുകമ്പ വളർത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഭരണകൂടത്തേയും നയങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ജനങ്ങൾക്കിടയിൽ ആരോഗ്യപരമായ ക്ലേശങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നത് പ്രാഥമിക ആരോഗ്യസംരക്ഷണസമീപനത്തിലൂടെ ആ കഷ്ടപ്പാടുകൾ ലഘൂകരിക്കാനുള്ള നയങ്ങൾ സൃഷ്ടിക്കാൻ പ്രേരിപ്പിക്കും. ആരോഗ്യമേഖലയ്ക്ക് അകത്തും പുറത്തുമുള്ള ശക്തമായ പങ്കാളിത്തങ്ങൾ ഉണ്ടാകുന്നത് അനുകമ്പയുടെ കാഴ്ചപ്പാടിലൂടെ വിഷയങ്ങളെ വ്യതിരിക്തമായി കാണാൻ സഹായകമാണ്. |
| ധനസഹായവും വിഭവങ്ങളുടെ വിതരണവും: | അനുകമ്പയുള്ള പ്രാഥമിക ആരോഗ്യസംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യസംവിധാനങ്ങൾ തുല്യതയ്ക്ക് ഊന്നൽ നൽകി വിഭവങ്ങൾ വിതരണം ചെയ്യുന്നു. ഇത് എല്ലാവർക്കും ഉയർന്ന നിലവാരമുള്ള പരിചരണവും സേവനങ്ങളും ഉറപ്പാക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നു. അനുകമ്പയുടെ കാഴ്ചപ്പാടിലൂടെയുള്ള വിഭവവിതരണം |

| | |
|---|---|
| | സങ്കീർണ്ണ ധനസഹായത്തിന്റെയും വിതരണത്തിന്റെയും തീരുമാനങ്ങൾക്ക് മാനുഷികമായ മുഖം നൽകുന്നു. |
| സമൂഹങ്ങളുടെയും മറ്റു മേഖലയിലുള്ളവരുടേയും പങ്കാളിത്തം: | പ്രാഥമിക ആരോഗ്യസംരക്ഷണസമീപനത്തിലൂടെ തുല്യതയും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്ന സമൂഹങ്ങളെ ശാക്തീകരിക്കാനും മുൻഗണനകൾ നിശ്ചയിക്കാനും മെച്ചപ്പെട്ട ശ്രദ്ധയും മനസ്സിലാക്കലും പങ്കാളിത്തവികസനവും സാധ്യമാകുന്നു. ആരോഗ്യപരമായ പരിഹാരങ്ങൾ സംയുക്തമായി തിരിച്ചറിയാനും സാഹചര്യത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനും അനുകമ്പയിൽ പ്രവർത്തിക്കുന്നവരുടെ പൊതുശ്രദ്ധയിൽ നിന്ന് ശക്തിനേടാനും പങ്കാളികളെ ഈ സഹകരണം സഹായിക്കുന്നു. |

പ്രായോഗികതലത്തിലെ പ്രേരണാശക്തികൾ പ്രാഥമിക ആരോഗ്യസംരക്ഷണസമീപനത്തെ ആരോഗ്യസംവിധാനങ്ങളുടെ ദൈനംദിന യാഥാർത്ഥ്യങ്ങളിലേയ്ക്ക് കൊണ്ടുവരുന്നു. തന്ത്രപരമായവയെപ്പോലെ പ്രായോഗികതലത്തിലെ പ്രേരണാശക്തികളും പരസ്പരം ബന്ധപ്പെട്ടതും സഹകരണാത്മകവും മനുഷ്യബന്ധങ്ങളിൽ അധിഷ്ഠിതവുമാണ്. അനുകമ്പയ്ക്ക് ഗുണപരമായ മാറ്റം വരുത്താൻ സാധിക്കുന്ന പ്രധാന മേഖലകളിൽ അവ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. (പട്ടിക 3)

**അനുകമ്പയും പ്രവർത്തനക്ഷമമായ പ്രാഥമിക ആരോഗ്യസംരക്ഷണ പ്രേരണാശക്തികളും (പട്ടിക 3)**

| **പ്രായോഗിക പ്രേരണാശക്തികൾ** | **അനുകമ്പയുടെ പ്രാധാന്യം** |
|---|---|
| പരിചരണമാതൃകകൾ: | പരിചരണപ്രക്രിയകൾ, ആരോഗ്യപ്രവർത്തകരുടെ സംഘാടനം, സേവനനിർവ്വഹണം എന്നിവ ഉൾപ്പെടെയുള്ള നയങ്ങളെ രൂപപ്പെടുത്താൻ അനുകമ്പ സഹായിക്കും. തുടർച്ചയായതും സമഗ്രവും ഏകോപിതവും ജനകേന്ദ്രീകൃതവുമായ പരിചരണമാതൃകകളിൽ ശ്രദ്ധ വർദ്ധിപ്പിക്കാൻ അനുകമ്പയെക്കുറിച്ചുള്ള ചിന്തനീയമായ സമീപനങ്ങൾ സഹായിക്കും. |

| | |
|---|---|
| | അനുകമ്പയുള്ള പരിചരണത്തിനായി രൂപകല്പന ചെയ്ത സേവനമാതൃകകൾ പരിചരണം സ്വീകരിക്കുന്നവരുടെ ആരോഗ്യഫലങ്ങളും ആരോഗ്യപ്രവർത്തകരുടെ ക്ഷേമവും തൊഴിൽപരമായ സംതൃപ്തിയും മെച്ചപ്പെടുത്തുന്നു. |
| പ്രാഥമിക ആരോഗ്യസംരക്ഷണ പ്രവർത്തകർ: | പ്രതിബദ്ധതയുള്ളതും ബഹുമുഖവുമായ പ്രാഥമിക ആരോഗ്യസംരക്ഷണ പ്രവർത്തനക്കൂട്ടായ്മക്ക് പ്രചോദനം നൽകുന്നത് അനുകമ്പയാണ്. ദൈനംദിന ജോലികളിൽ അനുകമ്പയുടെ പ്രകടനത്തേയും ആവിഷ്ക്കാരത്തേയും പിന്തുണയ്ക്കുന്നത് ക്ഷേമം വർദ്ധിപ്പിക്കുകയും തൊഴിൽപരമായ ക്ലേശവും എരിഞ്ഞടങ്ങലും (burn out) കുറയ്ക്കുകയും ചെയ്യുന്നു. ഭാവിയിലെ പ്രവർത്തകരെ രൂപകൽപ്പന ചെയ്യുന്നതിനുള്ള നയങ്ങൾക്ക് അനുകമ്പയുടെ പങ്ക് പരിഗണനീയമാണ്. ശേഷീവികസനത്തിനും (Capacity building) പാരസ്പര്യത്തോടെയുള്ള പരിശീലനത്തിനും അനുകമ്പ ഒരു പ്രവേശനമാർഗ്ഗമായി ഉപയോഗിക്കാൻ കഴിയും. |
| ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ: | രോഗശാന്തിക്ക് സഹായിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള നയരൂപീകരണത്തിന് അനുകമ്പ പ്രചോദനം നൽകുന്നു. ശുദ്ധമായ വെള്ളം, ശുചിത്വം, വൈദ്യുതിവിതരണം, ഗതാഗതം തുടങ്ങിയ പ്രശ്നങ്ങളിൽ നടപടിയെടുക്കുന്നത് പരിചരണം നൽകുന്ന സ്ഥലത്തിന്റെ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വ്യക്തമായ നടപടികളിലൂടെ ആളുകളെ ശാക്തീകരിക്കുകയും അവരുടെ ക്ലേശങ്ങൾ ലഘൂകരിക്കുകയും ചെയ്യുന്നതിൽ സഹായിക്കും. |
| ഔഷധങ്ങളും മറ്റ് ആരോഗ്യ ഉൽപ്പന്നങ്ങളും: | രോഗശാന്തിക്കും കഷ്ടപ്പാടുകൾ ഇല്ലാതാക്കുന്നതിനും ആവശ്യമായ സുരക്ഷിതവും ഫലപ്രദവുമായി മരുന്നുകളും ആരോഗ്യോൽപ്പന്നങ്ങളും ലഭ്യമാക്കാൻ അനുകമ്പ പ്രേരിപ്പിക്കുന്നു. നയപരവും പരിവർത്തനപരവുമായ തലത്തിലുള്ള പ്രവർത്തനങ്ങളെ അനുകമ്പയുടെ കാഴ്ചപ്പാടിലൂടെ കാണുമ്പോൾ മരുന്നുകൾ, വാക്സിനുകൾ, മെഡിക്കൽ ഉപകരണങ്ങൾ, |

| | |
|---|---|
| | രോഗനിർണ്ണയോപകരണങ്ങൾ, സംരക്ഷണോപകരണങ്ങൾ, സഹായോപകരണങ്ങൾ തുടങ്ങിവയിലേക്കുള്ള തുല്യതയോടെയുള്ള സമീപനത്തെ ഗുണപരമായി സ്വാധീനിക്കും. |
| സ്വകാര്യദാതാക്കളുമായുള്ള സഹകരണം: | സംയോജിതസേവനങ്ങൾ നൽകുന്നതിന് ശക്തമായ പൊതു-സ്വകാര്യ പങ്കാളിത്തം ഉപയോഗപ്പെടുത്താൻ സാധിക്കും. പൊതു-സ്വകാര്യ മേഖലകളിൽ ശക്തമായ പങ്കാളിത്തത്തെ ആശ്രയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹം എന്ന സമീപനത്തിന് അനുകമ്പ പൊതുവായ അടിത്തറ നൽകും. ദേശീയ അധികാരസ്ഥാനങ്ങളിൽ നിന്നും സംവിധാനതലത്തിലുള്ള ശക്തമായ മേൽനോട്ടവും ഇതിന് ആവശ്യമാണ്. |
| വാങ്ങൽ, പണമടയ്ക്കൽ സംവിധാനങ്ങൾ: | നയപരവും പ്രവർത്തനപരവുമായ തലങ്ങളിൽ അനുകമ്പാപൂർവ്വമായ ശ്രദ്ധ നൽകുന്നത് ആരോഗ്യസേവനങ്ങളുടെ സംയോജിതവിതരണവും സമഗ്രമായ ആനുകൂല്യങ്ങളും പ്രോത്സാഹിപ്പിക്കുന്ന വാങ്ങൽ - പണമടയ്ക്കൽ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കും. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ഒഴിവാക്കുന്ന പണമിടപാട് സംവിധാനങ്ങൾ വികസിപ്പിക്കുന്നത് ജനങ്ങളുടെ ക്ലേശങ്ങൾ കുറയ്ക്കുന്നു. |
| ആരോഗ്യത്തിനായുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകൾ: | ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരിചരണത്തിലേയ്ക്കുള്ള പ്രവേശനം സുഗമമാക്കുന്നു. എന്നാൽ മനുഷ്യകേന്ദ്രീകൃതതയ്ക്ക് മുൻഗണന ലഭിക്കുന്നു എന്നുറപ്പാക്കാൻ നിരന്തരശ്രദ്ധ ആവശ്യമാണ്. ഇത് അനുകമ്പയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടെ മെച്ചപ്പെടുത്താൻ കഴിയും. ഡിജിറ്റൽ മാറ്റങ്ങൾ വ്യക്തികളും സമൂഹങ്ങളും വിവരങ്ങൾ നേരിടുന്നതിനേയും അവരുടെ ആരോഗ്യം കൈകാര്യം ചെയ്യുന്നതിനേയും സ്വാധീനിക്കുന്നു. ക്ലേശങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയിൽ നിരന്തരമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഈ മാറ്റങ്ങളെ മാനുഷികമാക്കാൻ സഹായിക്കും. |

| | |
|---|---|
| പരിചരണ ത്തിന്റെ ഗുണനി ലവാരം മെച്ച പ്പെടുത്തുന്നതി നുള്ള സംവിധാ നങ്ങൾ: | പരിചരണത്തിന്റെയും സേവനങ്ങളുടെയും ഗുണനി ലവാരം നിരന്തരമായി വിലയിരുത്താനും മെച്ചപ്പെടു ത്താനും അനുകമ്പയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പ്രാദേശീയ, ഉപദേശീയ, ദേശീയ സംവിധാനങ്ങളെ നല്ലരീതിയിൽ സ്വാധീനിക്കും. അനുകമ്പ – ഗുണമേന്മ ബന്ധങ്ങളെക്കുറിച്ചുള്ള ശ്രദ്ധാപൂർവ്വമായ പഠനം ഉയർന്ന നിലവാരമുള്ള ആരോഗ്യസംരക്ഷണത്തിനും ആ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള തുടർച്ചയായ പ്രതിബദ്ധതയ്ക്കും അത്യന്താപേക്ഷി തമാണെന്ന് വെളിപ്പെടുത്തുന്നു. |
| പ്രാഥമിക ആരോഗ്യ സംവിധാനത്തെ അടിസ്ഥാനമാ ക്കിയുള്ള ഗവേ ഷണം: | പ്രാഥമിക ആരോഗ്യസംരക്ഷണത്തിന്റെ മൂന്ന് ഘട കങ്ങളേയും പിന്തുണയ്ക്കുന്ന ഇടപെടലുകൾ നട പ്പാക്കുന്നതിനെക്കുറിച്ചുള്ള ഗവേഷണം അനുകമ്പ യിൽ അധിഷ്ഠിതമായ ഭാവി ആരോഗ്യസംവിധാന ങ്ങളെ രൂപപ്പെടുത്തുന്നതിന് നിർണ്ണായകമാണ്. അനു കമ്പ സാധ്യമാക്കുന്ന വ്യക്തികേന്ദ്രീകൃതതയിലുള്ള ശ്രദ്ധ രോഗികൾക്കും അവരുടെ സമൂഹങ്ങൾക്കും ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലുള്ള ഗവേഷണ ത്തിന് മുൻഗണന നൽകാൻ സഹായിക്കും. |
| നിരീക്ഷണവും വിലയിരുത്തലും: | നയപരവും പ്രവർത്തനപരവുമായ തലങ്ങളിൽ അനു കമ്പാപൂർവ്വമായ തീരുമാനങ്ങൾ എടുക്കുന്നത് മെച്ച പ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ആരോഗ്യവിവരസം വിധാനങ്ങളിലെ നിർണ്ണായകമായ സ്ഥിതിവിവരക്ക ണക്കുകൾ സൃഷ്ടിക്കുന്നു. ക്ലേശങ്ങൾ ലഘൂകരിക്കു ന്നതിനും മനുഷ്യക്ഷേമം പ്രോത്സാഹിപ്പിക്കുന്നതി നുള്ള പുരോഗതി നിരന്തരമായി നിരീക്ഷിക്കുന്നത് രോഗികൾ, കുടുംബങ്ങൾ, സമൂഹങ്ങൾ എന്നിവർ ആരോഗ്യത്തെ എങ്ങനെ മനസ്സിലാക്കുന്നു അല്ലെ ങ്കിൽ അനുഭവിക്കുന്നു എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കും. |

## തുടരന്വേഷണങ്ങൾ

അനുകമ്പയും പ്രാഥമികാരോഗ്യസംരക്ഷണവും തമ്മിലുള്ള ബന്ധ ങ്ങൾ തുടർന്നു നടന്ന രണ്ട് വെർചൽ കൂട്ടായ്മകളിൽ ചർച്ചചെയ്തു. ഈ സമ്മേളനങ്ങൾ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പങ്കാളികളെ ഒരു

കുടക്കീഴിൽ കൊണ്ടുവരികയും അനുകമ്പ എന്ന ആശയത്തിന് എങ്ങനെ പ്രാഥമികാരോഗ്യരംഗത്തെ ശക്തിപ്പെടുത്താനാവും എന്നും ചർച്ച ചെയ്തു. ഇതിലൂടെ അനുകമ്പയും പ്രാഥമികാരോഗ്യസംരക്ഷണവും എങ്ങനെ ബന്ധപ്പെടുത്താമെന്നും ആരോഗ്യപരിരക്ഷണ ഫലങ്ങളും തുല്യതയും എങ്ങനെ മെച്ചപ്പെടുത്താമെന്നും ചർച്ചചെയ്യുന്നതിനുള്ള വേദിയൊരുങ്ങി. പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

2023 ഓഗസ്റ്റിൽ നടന്ന ഒരു വെബിനാറിൽ പ്രാഥമികാരോഗ്യസംരക്ഷണത്തിന്റെ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും ആരോഗ്യസംവിധാനങ്ങളെ പ്രാഥമികാരോഗ്യസംരക്ഷണത്തിലേക്ക് സമൂലമായി തിരിച്ച് വിടാനുള്ള പ്രചോദനം നൽകാനും അനുകമ്പയ്ക്ക് എങ്ങനെ കഴിയും എന്ന് ചർച്ച ചെയ്തു. ഇതിലെ പ്രധാന കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

- അനുകമ്പാപൂർവമായ മാനുഷികബന്ധങ്ങളിൽ അധിഷ്ഠിതമായ പ്രാഥമികാരോഗ്യസംവിധാനങ്ങൾ വിദഗ്ധപരിചരണം നൽകുന്നവരും രോഗികളും തമ്മിലുള്ള വിശ്വാസവും പരസ്പര ബഹുമാനവും വളർത്തുന്ന ആധാരശിലയായി വർത്തിക്കുന്നു.
- പ്രാഥമികാരോഗ്യസംരക്ഷണഘടകങ്ങളും അനുകമ്പയും തമ്മിലുള്ള ബന്ധം പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു വിലപ്പെട്ട വഴികാട്ടിയാണ്. ഇത് വിവിധ ജനസമൂഹങ്ങളുടെ വ്യത്യസ്തവും അതുല്യവുമായ ആശയങ്ങളോട് പ്രതികരിക്കുന്നു.
- അനുകമ്പയുള്ള സംവിധാനം വളർത്തുന്നതിന്, ആരോഗ്യപ്രവർത്തകർ മാത്രമല്ല എല്ലാ പങ്കാളികളും അനുകമ്പയോടെ പെരുമാറുകയും അനുകമ്പ പ്രയോഗിക്കുകയും വേണം.
- അനുകമ്പാപൂർവ്വമായ പരിചരണം ഏറ്റുവാങ്ങുന്നവർ ചികിത്സയോടും ആരോഗ്യപരിചരണസംബന്ധിയായ ഉപദേശങ്ങളോടും കൂടുതൽ നന്നായി പ്രതികരിക്കുന്നവരായാണ് പൊതുവിൽ കാണപ്പെടുന്നത്.
- പ്രാഥമികാരോഗ്യസംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യസംവിധാനങ്ങളുടെ ഒരു പ്രധാനവശമാണ് അനുകമ്പ. ഒരു പ്രേരണാശക്തിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം വിവിധ തലങ്ങളിൽ ഇത് ഉൾച്ചേർക്കേണ്ടതുണ്ട്.

- ആരോഗ്യസംവിധാനങ്ങളിലെ അനുകമ്പയുടെ അളവ് വ്യക്തവും സ്ഥിരതയുള്ളതും തുടർച്ചയായതും ഗുണപരവും അളവുപരവുമായ വശങ്ങൾ സംയോജിപ്പിക്കുന്നതും ആയിരിക്കണം. സമഗ്രമായ ധാരണയ്ക്കായി മിശ്രരീതികൾ പ്രയോഗിക്കാവുന്നതാണ്.

2023 സെപ്റ്റംബറിൽ അൽമാ–അറ്റ പ്രഖ്യാപനത്തിന്റെ 45–ാം വാർഷികവും അസ്താന പ്രഖ്യാപനത്തിന്റെ അഞ്ചാം വാർഷികവും അടയാളപ്പെടുത്തുന്ന അന്താരാഷ്ട്ര സമ്മേളനത്തിന് മുന്നോടിയായി ഒരു വെർച്വൽ റൗണ്ട് ടേബിൾ സംഘടിപ്പിച്ചു. ഈ സെഷൻ ആരോഗ്യസംരക്ഷണം നൽകുന്നതിനുള്ള വ്യക്തികേന്ദ്രീകൃതസമീപനത്തിന്റെ ഒരു പ്രധാന ഘടകമായി അനുകമ്പയെ ഊന്നിപ്പറഞ്ഞു. ഈ രേഖയിൽ വിവരിച്ച ആശയങ്ങൾക്ക് പുറമെ, ചർച്ചയിൽ നിന്ന് ഉയർന്നുവന്ന ഉൾക്കാഴ്ചകൾ താഴെ സംഹരിച്ചിരിക്കുന്നു.

**അസ്താന 2023: ഭാവിയിലെ പ്രാഥമിക ആരോഗ്യ സംരക്ഷണം – വെർച്വൽ റൗണ്ട് ടേബിൾ: പ്രാഥമിക ആരോഗ്യ സംരക്ഷണത്തിന്റെ മാനുഷിക വശം:**

- പ്രാഥമികാരോഗ്യസംരക്ഷണം അടിസ്ഥാനപരമായി പ്രാഥമിക മനുഷ്യപരിചരണത്തെക്കുറിച്ചാണ്. ജനങ്ങളെ അതിന്റെ കേന്ദ്രസ്ഥാനത്ത് നിർത്തുന്ന രീതിയിലുള്ള പ്രഥാമികാരോഗ്യസംരക്ഷണം ജനങ്ങൾ, ജനങ്ങളിൽ നിന്നും, ജനങ്ങൾക്ക് വേണ്ടി, ജനങ്ങളോടൊപ്പം നടപ്പാക്കുന്നതാണെന്നും മികച്ച ഫലങ്ങൾ, ചെലവ് കുറയ്ക്കൽ, തുല്യത എന്നിവ അതിന്റെ ഉപോത്പന്നങ്ങളായിരിക്കും എന്നും ഊന്നിപ്പറയുന്നു.
- ആരോഗ്യം ആത്യന്തികമായി ബന്ധാധിഷ്ഠിതമാണ്. ജനങ്ങൾ പരസ്പരവും ആവാസവ്യവസ്ഥകളുമായും ജനങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന ഘടനാപരമായ നിർണ്ണായകഘടകങ്ങളുമായും എങ്ങനെ ഇടപഴകുന്നു എന്നതുമായി ഈ ആശയം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.
- ആരോഗ്യത്തിന്റെ ബന്ധപരമായ സ്വഭാവം തിരിച്ചറിയുന്നതിലൂടെ, പ്രാഥമികാരോഗ്യസംരക്ഷണസംവിധാനങ്ങളിൽ പ്രായോഗികതലത്തിലുള്ള അനുകമ്പയുടെ ഉദാഹരണങ്ങൾ കാണാൻ കഴിയും. എന്നിരുന്നാലും, ഈ ഉദാഹരണങ്ങൾ ആർജ്ജവത്തോടെ വളരണമെങ്കിൽ, സഹകരണത്തെയും

ആശയവിനിമയത്തെയും പ്രോത്സാഹിപ്പിക്കുന്ന അനുകൂലമായ ചുറ്റുപാടുകൾ അവയെ പിന്തുണയ്ക്കേണ്ടതുണ്ട്.

- ആരോഗ്യപ്രവർത്തകരുടെ എരിഞ്ഞടങ്ങൽ (burnout) അവരുടെ അനുകമ്പയെ പരിമിതപ്പെടുത്താം. ഇത് പരിഹരിക്കാൻ അത്തരം പ്രവർത്തകർക്ക് അവരുടെ മാനേജർമാർ, സ്ഥാപനം, നയനിർമ്മാതാക്കൾ എന്നിവരിൽ നിന്ന് അനുകമ്പ അനുഭവവേദ്യമാകണം.

- അനുകമ്പയുള്ള പരിചരണമാതൃകകൾ കൂട്ടായി സൃഷ്ടിക്കുന്നതിന് നയനിർമ്മാതാക്കൾ, മാനേജർമാർ, ആരോഗ്യദാതാക്കൾ, രോഗികൾ (അല്ലെങ്കിൽ സമൂഹത്തിലെ അംഗങ്ങൾ) എന്നിവർ തമ്മിൽ കലർപ്പില്ലാത്ത സംഭാഷണത്തിൽ ഏർപ്പെടണം.

- ഗ്രാമത്തിലെ ആരോഗ്യപ്രവർത്തകർ, രോഗികളുടെ അവകാശവാദികൾ തുടങ്ങിയ ആർജ്ജവമുള്ള പ്രവർത്തകർ വഴിയുള്ള സാമൂഹികാടിസ്ഥാനത്തിലുള്ള ശ്രമങ്ങൾക്ക് സംവിധാനത്തിനുള്ളിൽ അനുകമ്പ വർദ്ധിപ്പിക്കാൻ കഴിയും.

- ഒരു ആരോഗ്യപ്രവർത്തകന്റെ അനുകമ്പയ്ക്ക് ഒരു രോഗിയുടെ മെച്ചപ്പെട്ട ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷയെ സ്വാധീനിക്കാൻ കഴിയും. ആരോഗ്യപ്രവർത്തകരുടെ ശുപാർശകളെ വിശ്വസിക്കാൻ ഇത് രോഗികളെയും സമൂഹത്തിലെ അംഗങ്ങളെയും പ്രാപ്തരാക്കുന്നു.

- ദൈനംദിന ഇടപെടലുകളിൽ അനുകമ്പയെ ഇഴചേർക്കുന്നത് അനുകമ്പാപൂർവ്വമായ അന്തരീക്ഷം സൃഷ്ടിക്കുകയും ആരോഗ്യദാതാക്കളും രോഗികളും തമ്മിലുള്ള ശക്തമായ ബന്ധങ്ങൾ വളർത്തുകയും ചെയ്യും. ഈ വളർച്ചയെ ചിട്ടയായ ഉത്തരവാദിത്ത നടപടികളിലൂടെ പിന്തുടരാൻ കഴിയും.

അനുകമ്പയ്ക്കായുള്ള നിലവിലെ ശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ആരോഗ്യപ്രവർത്തകരിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ നയനിർമ്മാതാക്കളും തീരുമാനമെടുക്കുന്നവരും ആരോഗ്യസംരക്ഷണരംഗത്തെ ശക്തമായി സ്വാധീനിക്കും. അവരുടെ പ്രവർത്തനങ്ങൾക്ക് അനുകമ്പയുടെ തത്ത്വങ്ങൾ പ്രയോഗിക്കുന്നതിലൂടെ ക്ലേശങ്ങൾ ലഘൂകരിക്കാനും ശരിയായ ദിശയിലുള്ള മാറ്റത്തിന് ഉത്തേജനം നൽകാനും കഴിയും. ഇത് ആത്യന്തികമായി പ്രാഥമിക ആരോഗ്യസംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യസംവിധാനത്തിലെ എല്ലാവർക്കും ഗുണം ചെയ്യും.

# 4 ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ടുകളിൽ നിന്നുള്ള ഉൾക്കാഴ്ചകൾ

അനുകമ്പയും പ്രാഥമികാരോഗ്യപരിചരണവും അഭേദ്യമായി കെട്ടുപിണഞ്ഞിരിക്കുന്നു എന്നതാണ് ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽനിന്ന് വ്യക്തമാകുന്നത്. ലോകാരോഗ്യസംഘടനയും ഫോക്കസ് ഏരിയ ഫോർ കംപാഷൻ ആന്റ് എത്തിക്സ് എന്ന സംഘടനയും സംയുക്തമായി ആഗോള ആരോഗ്യപരിപാലനത്തിൽ അനുകമ്പയുടെ പങ്കിനെക്കുറിച്ച് മൂന്നു വർഷത്തോളം ഗവേഷണം ചെയ്യുകയുണ്ടായി. അനുകമ്പയുടെ മേഖലയിലുള്ള പ്രവർത്തനംവഴി തുല്യതയും ഗുണമേന്മയുമുള്ള ആരോഗ്യസംസ്കാരംവളർത്തിയെടുക്കാൻ പ്രവർത്തിക്കുന്ന ലോകമെമ്പാടുമുള്ള വിദഗ്ധർ തങ്ങളുടെ അനുഭവസമ്പത്തും വെല്ലുവിളികളും പുതുചിന്തകളും പങ്കിടുന്ന വേദിയായി ഇത്തരം വട്ടമേശസംമ്മേളനങ്ങൾ. ആഗോള വ്യാപകമായി നടക്കുന്ന അനുകമ്പാപൂർവ്വമായ ചികിത്സാസമീപനങ്ങളെ ഏകോപിപ്പിക്കാനും ഒരു കുടക്കീഴിൽ കൊണ്ടുവരാനും ഇവ കാരണമായി. ഓരോ റൗണ്ടിലേയും പ്രധാന കണ്ടെത്തലുകൾ താഴെ ഉപസംഹരിച്ചിരിക്കുന്നു.

ആരോഗ്യത്തിൽ അനുകമ്പയുടെ പങ്ക് സംബന്ധിച്ച് ലോകാരോഗ്യസംഘടനയും (WHO) ടാസ്ക് ഫോഴ്സ് ഫോർ ഗ്ലോബൽ ഹെൽത്തും ചേർന്ന് മൂന്നു വർഷം നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ടുകളിൽ നിന്നും നിരവധി ഉൾക്കാഴ്ചകൾ ലഭിച്ചിട്ടുണ്ട്. ഓരോ റൗണ്ടിലേയും പ്രധാന കണ്ടെത്തലുകൾ താഴെക്കൊടുക്കുന്നു.

**ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 1 (ഡിസംബർ 2019) ഉത്ഘാടന സമ്മേളനം:**

ലോകാരോഗ്യപരിചരണത്തിന്റെ എല്ലാ തലങ്ങളിലും പ്രത്യേകിച്ച് പരിചരണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതിന്റെ കാര്യത്തിൽ, അനുകമ്പ വളർത്തുകയും പിന്തുടരുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഈ റൗണ്ടിൽ(10) എടുത്തുപറഞ്ഞു. ആരോഗ്യപ്രവർത്തകർക്കിടയിലെ എരിഞ്ഞടങ്ങൽ തടയുന്നതിനുള്ള പ്രധാനോപകരണമായി സ്വയം പരിചരണത്തി

ന്റേയും സ്വയം അനുകമ്പയുടേയും നിർണ്ണായകപങ്ക് പങ്കാളികൾ ഊന്നിപ്പറഞ്ഞു. വിവിധ സംസ്കാരങ്ങൾ, സാഹചര്യങ്ങൾ, ഭാഷകൾ എന്നിവയ്ക്കനുസരിച്ച് അനുകമ്പയുടെ നിർവ്വചനത്തെ എങ്ങനെ രൂപപ്പെടുത്താം എന്നതിനെക്കുറിച്ച് ആഴത്തിലുള്ള ചിന്ത ആവശ്യമാണെന്നും അവർ അഭിപ്രായപ്പെട്ടു. രോഗി, സ്ഥാപനം, സമൂഹം, ദേശീയം മുതലായ തലങ്ങളിൽ അനുകമ്പയുടെ അളവുകോലുകൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഈ സമ്മേളനത്തിൽ ചർച്ചയായി.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 2 (ഏപ്രിൽ, 2020): അനുകമ്പയും കോവിഡ് - 19 ഉം

കോവിഡ്-19 മഹാമാരി വെളിപ്പെടുത്തിയ സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളുടെ പശ്ചാത്തലത്തിൽ അനുകമ്പയെക്കുറിച്ച് ഈ റൗണ്ടിൽ[11] ചർച്ച ചെയ്തു. ഈ മാഹാമാരി മാറ്റത്തിനുള്ള അവസരങ്ങൾ എങ്ങനെ നൽകിയെന്നും സാന്ത്വനചികിത്സ, മാനുഷിക പ്രതികരണം, ദാരിദ്ര്യം കൂടുതലുള്ള പ്രദേശങ്ങളിലെ പങ്കാളിത്തനയരൂപീകരണം എന്നിവയെക്കുറിച്ചുള്ള സമീപനങ്ങൾ പുനർനിർവ്വചിക്കാനും പരിഷ്ക്കരിക്കാനും ഇത് എങ്ങനെ സഹായിച്ചേക്കാം എന്നും പരിശോധിച്ചു. മഹാമാരിയുടെ സമയത്ത് വർദ്ധിച്ചുവന്ന മരണാസന്നരായവരുടെ ക്ലേശങ്ങൾ കണക്കിലെടുത്ത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സാന്ത്വനചികിത്സ പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകത പ്രാസംഗികർ ഊന്നിപ്പറഞ്ഞു. ഭാവിയിലെ ശ്രമങ്ങളിൽ സ്നേഹവും അനുകമ്പയും മാർഗ്ഗനിർദ്ദേശകതത്വങ്ങളായി ഉപയോഗിച്ചുകൊണ്ട് ഈ പ്രതിസന്ധിയെ ആരോഗ്യരംഗത്തെ മാനുഷികതലത്തെ പുനഃരൂപീകരണം ചെയ്യാനുള്ള അവസരമായി അവർ നിർദ്ദേശിച്ചു. അനുകമ്പാപൂർവ്വമായ ആരോഗ്യസംരക്ഷണത്തിനുള്ള സാമൂഹിക കൂട്ടായ്മകൾ വികസിപ്പിക്കുന്നതിനുള്ള പ്രചോദനം നൽകിക്കൊണ്ടാണ് ഈ റൗണ്ട് ഉപസംഹരിച്ചത്.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 3 (ആഗസ്റ്റ്, 2020): ഗുണമേന്മയുള്ള ആരോഗ്യപരിപാലനത്തിന് അനുകമ്പ അത്യാവശ്യമാണോ?

ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണത്തിന് അനുകമ്പ അത്യാവശ്യമാണോ എന്ന് ഈ റൗണ്ടിൽ[12] അവലോകനം ചെയ്തു. അനുകമ്പ ഗുണമേന്മയേയും ആരോഗ്യഫലങ്ങളേയും എങ്ങനെ ബാധിക്കുന്നു എന്നതിനെ

ക്കുറിച്ചുള്ള തെളിവുകൾ, പ്രത്യേകിച്ച് തുല്യത വർദ്ധിപ്പിക്കുന്നതിലുള്ള അനുകമ്പയുടെ പങ്ക് ഇതിൽ എടുത്തു പറഞ്ഞു. അനുകമ്പയോടുകൂടിയുള്ള പരിചരണം ശസ്ത്രക്രിയയ്ക്കു ശേഷം വേദനസംഹാരികളുടെ ആവശ്യകത കുറയ്ക്കുന്നതിനും ജലദോഷത്തിന്റെ ലക്ഷണങ്ങളുടെ ദൈർഘ്യവും തീവ്രതയും കുറയ്ക്കുന്നതിനും കനത്ത പുറംവേദന, മൈഗ്രേൻ, വയറുവേദന എന്നിവയ്ക്കുള്ള വേദനസ്കോറുകൾ കുറയ്ക്കുന്നതിനും കാരണമാകുന്നുവെന്ന് വിദഗ്ധർ സ്ഥിതിവിവരക്കണക്കുകൾ പങ്കിട്ടു. അനുകമ്പയോടുള്ള പെരുമാറ്റം പഠിക്കാനും പ്രാപ്തമാക്കാനും സാധ്യമാകുമെന്നും അത്തരം പെരുമാറ്റങ്ങൾ അംഗീകരിക്കുകയും ആഘോഷിക്കപ്പെടുകയും ചെയ്യുമ്പോൾ ആരോഗ്യസംരക്ഷണ ചുറ്റുപാടുകൾ മെച്ചപ്പെടുന്നു എന്നും അവർ വിശകലനം ചെയ്തു. കൂടാതെ, അനുകമ്പയുള്ള നേതാക്കൾ തങ്ങളുടെ കൂട്ടായ്മകളോടും പ്രവർത്തകരോടും അവരുടെ തൊഴിലിനെക്കുറിച്ച് മാത്രം സംസാരിക്കാതെ അവരുടെ വെല്ലുവിളികൾ മുൻഗണനകൾ ദൈനംദിനയാഥാർത്ഥ്യങ്ങൾ എന്നിവ മനസ്സിലാക്കാൻ ശ്രമിക്കുന്നതായി കണ്ടുവരുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 4 (നവംബർ 2020): ആഗോള ആരോഗ്യപരിപാലനത്തിൽ അനുകമ്പ വളർത്തുന്നതിൽ വിശ്വാസത്തിനുള്ള പങ്കെന്താണ്?

ആഗോള ആരോഗ്യപരിചരണത്തിൽ അനുകമ്പ വളർത്തുന്നതിൽ വിശ്വാസത്തിന്റെ പങ്ക് എന്താണ് എന്ന് ഈ റൗണ്ടിൽ[13] പരിശോധിച്ചു. ഉയർന്ന നിലവാരമുള്ള ആരോഗ്യസേവനങ്ങൾ നൽകുന്നതിന് അത്യന്താപേക്ഷിതമായ അനുകമ്പ വളർത്താൻ വിശ്വാസത്തിന് എങ്ങനെ കഴിയും, കൂടാതെ പ്രവർത്തകർ കൂടുതൽ അനുകമ്പയുള്ളവരായി മാറാൻ ഇത് എങ്ങനെ സഹായിക്കുമെന്നും ചർച്ച ചെയ്തു. വ്യക്തിഗതവും സംഘടനാപരവുമായ തലങ്ങളിൽ അനുകമ്പയുള്ള പ്രവർത്തനം പരിപോഷിപ്പിക്കാനും നിലനിർത്താനും പ്രോത്സാഹിപ്പിക്കാനും വിശ്വാസത്തിന് കഴിയുന്ന വിവിധ വഴികൾ അവർ ചർച്ച ചെയ്തു. മതപരമായ പശ്ചാത്തലം ആരോഗ്യപ്രവർത്തകരെ തങ്ങൾക്കപ്പുറമുള്ള മഹത്തരമായൊരു കാര്യത്തിനു വേണ്ടി പ്രവർത്തിയ്ക്കാനും വ്യക്തി മനുഷ്യത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഐക്യബോധം വളർത്താനും തയ്യാറാക്കുമെന്ന് അഭിപ്രായപ്പെട്ടു. കൂടാതെ, വിശ്വാസത്തിന് വ്യക്തിഗതമൂല്യങ്ങളെയും പെരുമാറ്റത്തെയും പിന്തുണയ്ക്കാനും വ്യക്തികളെ ശാക്തീകരിക്കാനും പ്രതിരോധശേഷി, സഹാനുഭൂതി, ഊർജ്ജം

എന്നിവ നൽകാനും പലപ്പോഴും അവരുടെ അനുകമ്പ പ്രകടിപ്പിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കാനും കഴിയും എന്നും ഈ റൗണ്ടിൽ ചർച്ച ചെയ്തു.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 5 (മാർച്ച് 2021): ആഗോള ആരോഗ്യപരിപാലനത്തിൽ അനുകമ്പാപൂർവ്വമായ നേതൃത്വത്തിന്റെ പങ്ക്

ആഗോളആരോഗ്യത്തിലെ അനുകമ്പയുള്ള നേതൃത്വത്തിന്റെ പ്രാധാന്യം ഈ റൗണ്ടിൽ[14] എടുത്തുപറഞ്ഞു. ഗുണമേന്മയുള്ള പരിചരണം നൽകുന്നതിൽ അനുകമ്പയുടെ പങ്ക് പരിശോധിക്കുകയും സിദ്ധാന്തത്തിലും പ്രയോഗത്തിലും അത്തരം നേതാക്കളെ വളർത്തുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ പഠിക്കുകയും ചെയ്തു. കൂടെയുള്ളവരിൽ അനുകമ്പ ഉണർത്താനും മയങ്ങിക്കിടക്കുന്ന അനുകമ്പാവികാരത്തെ പ്രവർത്തനോന്മുഖമാക്കാനും അനുകമ്പയിലേയ്ക്കുള്ള യാത്രയിലെ തടസ്സങ്ങൾ നീക്കം ചെയ്യാനും അനുകമ്പയെ വർദ്ധിപ്പിക്കുന്ന ഘടകങ്ങളെ പ്രോത്സാഹിപ്പിക്കാനും അനുകമ്പയുള്ള നേതൃത്വത്തിന് കഴിയും. ഇതുകൂടാതെ നിരന്തരമായി സമൂഹത്തിൽ പരിശീലിക്കാവുന്ന ചില മാതൃകകളെയും ആശയങ്ങളെയും പഠിക്കാനും പഠിപ്പിക്കാനും അനുകമ്പ മുൻനിർത്തിയുള്ള നേതൃത്വസംവിധാനത്തിന് കഴിയും. അനുകമ്പയുള്ള നേതൃത്വം നേതാക്കൾക്ക് മാത്രമല്ല അവരുടെ സ്വാധീനവലയത്തിനും വിശാലമായ ലോകത്തിനും ഗുണം ചെയ്യുകയും ഏത് സാഹചര്യത്തിലും അനുകമ്പയ്ക്ക് വളരാൻ കഴിയുമെന്ന് തെളിയിക്കുകയും ചെയ്യുന്നു.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 6 (ജൂൺ 2021): 'WASH' ഉം ആരോഗ്യപരിപാലനത്തിലെ ഗുണമേന്മയും

വെള്ളം, ശുചിത്വം, ഹൈജീൻ (WASH) എന്നിവയെ മനുഷ്യന്റെ കഷ്ടപ്പാടുകൾ ലഘൂകരിക്കാനും മനുഷ്യന്റെ അന്തസ്സ് ഉയർത്താനുമുള്ള ഒരു ഉപകരണമായി ഈ റൗണ്ടിൽ[16] പുനർവിഭാവനം ചെയ്തു. WASH സംരംഭങ്ങൾ അനുകമ്പ എങ്ങനെ സജീവമാക്കുന്നുവെന്നും, WASH പ്രവർത്തനങ്ങൾക്ക് അനുകമ്പയും ഗുണമേന്മയുള്ള പരിചരണം നൽകുന്നതിനുള്ള ഒരു വാഹകരായി എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്നും അവർ വിശകലനം ചെയ്തു. സമൂഹത്തിലെ അംഗങ്ങൾ അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ പരിഹാരങ്ങൾ സഹകരണമനോഭാവത്തോടെ കണ്ടെത്തുന്ന സമൂഹാധിഷ്ഠിത സമീപനം വളരെ ഫലപ്രദമായിരുന്നു. എല്ലാ വീട്ടുകാരും

വൃത്തിയുള്ള പൊതുശൗചാലയങ്ങൾ പരിപാലിക്കുന്നതിൽ പങ്കാളികളാകുന്ന 'ടോയ്‌ലറ്റ് വൃത്തിയാക്കൽ പദ്ധതി' സംഘടിപ്പിച്ചത് ഇതിനൊരു ഉദാഹരണമായിരുന്നു. ഇത് ആത്യന്തികമായി സ്വകാര്യത, സൗകര്യം, അന്തസ്സ്, സുരക്ഷ എന്നിവ നൽകുന്നതിൽ സമൂഹത്തിന് സ്വീകാര്യമായതും സമൂഹത്തിൽ നിന്ന് തന്നെ രൂപപ്പെട്ടതുമായ ഒരു സംവിധാനം ഉപയോഗപ്പെടുത്തി.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് 7 (22, സെപ്തംബർ, 2021) അനുകമ്പ അധിഷ്ഠിതമായ നയങ്ങളുടെ വിജയവും വെല്ലുവിളികളും

നയപരമായും സംഘടനാപരമായുമുള്ള ചട്ടക്കൂടുകളിൽ നിന്നുകൊണ്ടുതന്നെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിൽ അനുകമ്പയുടെ പങ്കിനെക്കുറിച്ച് ഈ റൗണ്ടിൽ[16] ചർച്ച ചെയ്തു. അനുകമ്പ മുൻനിർത്തി പ്രവർത്തിക്കുന്ന ദേശീയ സംവിധാനങ്ങളെപ്പറ്റിയും ആഫ്രിക്കൻ ഓംകോസെർസിയാസിസ് എന്ന നേത്രരോഗത്തെ പതിനൊന്ന് പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങളുടെ സഹകരണത്തിലൂടെ എങ്ങനെയാണ് വരുതിയിൽ നിർത്താൻ കഴിഞ്ഞതെന്നും ചർച്ചാവിധേയമാക്കി. അനുകമ്പ എന്ന ആശയത്തെ മുൻനിർത്തി സഹകരണാത്മകമായ ആരോഗ്യപരിരക്ഷണ സംവിധാനങ്ങളും അർത്ഥപൂർണ്ണമായ പൊതുജനാരോഗ്യസംവിധാനങ്ങളും വളർത്തിയെടുക്കുന്നതിനെ ഇത് വെളിച്ചത്തിൽ കൊണ്ടുവരുന്നു.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് : 8 മാർച്ച് 2022 ആഗോള ആരോഗ്യപരിചരണവും അനുകമ്പയും മാന്യമായ മാതൃ-നവജാതശിശു പരിചരണവും.

നയപരവും സംഘടനാപരവുമായി തലങ്ങളിൽ മാന്യമായ പ്രസവപരിചരണ പ്രസ്ഥാനത്തിന്റെ വിപുലമായ ശ്രമങ്ങളും വിജയങ്ങളും അവലോകനം ചെയ്യുക, അനുകമ്പയുമായുള്ള ബന്ധം അന്വേഷിക്കുക എന്നിവ ലക്ഷ്യമാക്കിയുള്ള ആഗോള ആരോഗ്യപരിപാലനരംഗത്ത് സമീപകാലത്തുണ്ടായ സുപ്രധാനമായ മാറ്റങ്ങൾ ഈ റൗണ്ട്[17] പരിശോധിച്ചു. പ്രസവസമയത്ത് സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന അന്തസ്സില്ലാത്ത പെരുമാറ്റത്തെക്കുറിച്ച് ഇതിൽ ചർച്ച ചെയ്തു. പ്രസവസമയത്തുള്ള ശാരീരികവും വാക്കാലുമുള്ള പീഡനങ്ങൾ, ലോകമെമ്പാടുമുള്ള സ്ത്രീകളുടെ പ്രത്യുൽപാ

ദന ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ആഗ്രഹങ്ങളെക്കുറിച്ചുള്ള പ്രതികരണങ്ങൾ എന്നിവയും ചർച്ചാവിഷയമായി. ലിംഗഭേദം, വംശം, സാമൂഹികനില എന്നിവയിൽ വേരൂന്നിയ അസമത്വങ്ങൾ പരിഹരിക്കുന്നതിന് സാമൂഹിക മാറ്റങ്ങൾ ഉണ്ടാകേണ്ടതിന്റെ അടിയന്തിര ആവശ്യകത എടുത്തുപറയുകയും ക്ലേശങ്ങൾ ലഘൂകരിക്കുന്നതിൽ പരസ്പരബന്ധവും അനുകമ്പയും എങ്ങനെ പ്രധാനമാണ് എന്ന് ഊന്നിപ്പറയുകയും ചെയ്തു.

**ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് : 9 ഡിസംബർ 2021 ഗുണമേന്മയുള്ള പാലിയേറ്റീവ് കെയർ: പ്രവർത്തനനിരമാകുന്ന അനുകമ്പ**

അനുകമ്പയ്ക്ക് സാന്ത്വനചികിത്സയിലുള്ള പങ്ക്, സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്കനുസരിച്ച് അനുകമ്പാപൂർവകമായ കരുതലിന് ഉണ്ടാകുന്ന വ്യതിയാനങ്ങൾ, എല്ലാ തലങ്ങളിലുള്ള സാന്ത്വനചികിത്സയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളാണ് ഈ റൗണ്ടിൽ[18] പരിശോധിച്ചത്. സാന്ത്വനചികിത്സയിലുൾപ്പെട്ടവരും അവരുടെ കുടുംബങ്ങളും കടന്നുപോകുന്ന അനിയന്ത്രിതമായ വേദന മൂലമുണ്ടാകുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും പരിഹരിക്കുന്നതിനുള്ള ആഫ്രിക്കൻ പാലിയേറ്റീവ് കെയർ അസോസിയേഷന്റെ മാതൃക സമൂഹത്തിലുടനീളം അനുകമ്പ സമാഹരിക്കുന്നതിനുള്ള ഒരു ശ്രദ്ധേയമായ ഉദാഹരണമാണ്. ഇത്തരത്തിലുള്ള സഹകരണം സേവനമേഖലയിലുള്ള വിടവുകൾ നികത്തുന്നതിനും സാന്ത്വനചികിത്സാസന്ദർഭങ്ങൾക്കനുസൃതമായി നിയമപരവും മനുഷ്യാവകാശപരവുമായ മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുന്നതിലും അനുകമ്പാപൂർവ്വമായ കരുതൽ വളർത്തുന്നതിനുള്ള സമൂഹത്തിന്റെ പ്രധാനപ്പെട്ട പങ്കിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

**ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് : 10 (21 ജൂൺ, 2022) അനുകമ്പാപൂർവ്വമായ പ്രവർത്തനത്തിന്റെ കഥകൾ പങ്കിടുന്നു.**

ഓരോ അംഗവും പങ്കിട്ട ജീവിതാനുഭവങ്ങളുടെയും അനുകമ്പ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുടെയും ശക്തമായ മാതൃകകൾ കഥകളിലൂടെ പ്രതിഫലിപ്പിക്കുന്നതിനുള്ള ഒരു വേദി നൽകി പൊതുവായ വെല്ലുവിളികളെ വരച്ചുകാട്ടാനും അനുകമ്പ സജീവമാക്കുന്നതിൽ ഐക്യദാർഢ്യം വളർത്തിയെടുക്കാനും ഇത് പങ്കാളികളെ പ്രാപ്തരാക്കി. ചില പങ്കാളികൾ അനുകമ്പ പ്രകടിപ്പിക്കുന്നതിലും രോഗികളെ സമാശ്വസിപ്പിക്കുന്നതിലും ശരീര

ഭാഷയുടെയും ആംഗ്യങ്ങളുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു.[19] ഊഷ്മള മായ സ്വാഗതവും സജീവമായ കേൾക്കലും പരിശീലിക്കുക, വിശ്വാസം വളർത്തിയെടുക്കാനുതകുന്ന രീതിയിലുള്ള സംസാരങ്ങൾ പ്രോത്സാഹിപ്പി ക്കുക എന്നിവ ഇതിനുദാഹരണങ്ങളാണ്.

## ആഗോള ആരോഗ്യ അനുകമ്പ റൗണ്ട് : 11 (സെപ്തംബർ 2022) ശാസ്ത്രത്തെ പ്രവർത്തനത്തിലേക്ക് വിവർത്തനം ചെയ്യുകവഴി അനുകമ്പ അളക്കാനും വളർത്തിയെടുക്കാനുമുള്ള ശ്രമങ്ങൾ.

ഈ റൗണ്ടിൽ[20] അനുകമ്പ അളക്കുന്നതിന്റെ പ്രാധാന്യവും സങ്കീർണ്ണ തയും ചർച്ച ചെയ്യുന്നതിനൊപ്പം ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തു ന്നതിനും മൂല്യാധിഷ്ഠിതമായ പരിചരണം പ്രോത്സാഹിപ്പിക്കുന്നതിനും മുൻതൂക്കം നൽകി. രോഗീപരിചരണ അനുഭവങ്ങളും പ്രതികരണങ്ങളും വിലയിരുത്തുന്നതിൽ നേരിടുന്ന ചില വെല്ലുവിളികളെ അഭിസംബോധന ചെയ്തു. അതോടൊപ്പം ആരോഗ്യ സംവിധാനങ്ങളിലുടനീളം അനുകമ്പ അളക്കുന്നതിനുള്ള വിവിധ നിർവ്വചനങ്ങളും പ്രയോഗങ്ങളും പര്യവേക്ഷണം ചെയ്ത് ആരോഗ്യപരിരക്ഷാക്രമീകരണങ്ങൾക്കായി രൂപകല്പന ചെയ്ത അനുകമ്പ മുൻനിർത്തിയുള്ള നടപടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനത്തോടും അന്തസ്സോടുംകൂടി പെരുമാറാനുള്ള സാർവ്വത്രികമായ അഭിലാഷം അംഗീകരിക്കുന്നതിനോടൊപ്പം അനുകമ്പയുടെ വിതരണ ത്തേയും സ്വീകരണത്തേയും വ്യഖ്യാനത്തെയും സംസ്കാരവും സന്ദർഭവും എങ്ങനെ സ്വാധീനിക്കുന്നുവെന്നും ചർച്ച എടുത്തുപറഞ്ഞു.

## ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ട് : 12 (20, ഡിസംബർ 2022) മൂന്ന് വർഷത്തെ അഭിപ്രായസമന്വയം

ഈ റൗണ്ടിൽ[21] ആഗോള ആരോഗ്യത്തിന്റെ വിവിധ സമ്മേളനങ്ങളെ ക്കുറിച്ച് ചർച്ചചെയ്തു. ഒപ്പം ആരോഗ്യ പരിരക്ഷാസേവനങ്ങളുടെ ഗുണനി ലവാരം മെച്ചപ്പെടുത്തുന്നതിലും അനുകമ്പയുടെ പങ്ക് ചർച്ചചെയ്യുന്നതിനും ആരോഗ്യസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പരിചരണം നൽകുന്ന വ്യക്തികളെ ഏകോപിപ്പിക്കുന്നതിനും വേണ്ടി വൈവിധ്യമാർന്ന ശബ്ദങ്ങൾ ഉൾപ്പെടുത്തി. മുൻപു നടന്ന പതിനൊന്ന് റൗണ്ടുകളിലെ പ്രധാന വിഷയ ങ്ങളെ അഭിസംബോധന ചെയ്യുകയും തുറന്ന ചർച്ചകൾക്കും പുതിയ ബന്ധ ങ്ങൾക്കും സുരക്ഷിതമായ ഇടം നൽകുകയും ചെയ്തു.

ഗ്ലോബൽ ഹെൽത്ത് കംപാഷൻ റൗണ്ടുകൾ അവസാനിച്ചപ്പോൾ അഭിപ്രായങ്ങൾ സമന്വയിപ്പിക്കുന്നതിന്റെയും കെട്ടിപ്പടുക്കേണ്ടതിന്റെയും പ്രാധാന്യം ലോകാരോഗ്യസംഘടനയുടെ ഡയറക്ടർ ഊന്നിപ്പറഞ്ഞു. ചരിത്രത്തിലുടനീളം ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രേരകശക്തിയാണ് അനുകമ്പ; ഇത് ക്ലേശങ്ങൾ ലഘൂകരിക്കാനും സഹജീവികളുടെ ജീവിതം മെച്ചപ്പെടുത്താനുമുള്ള ആഗ്രഹം തന്നെയാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# 5 ആരോഗ്യപരിചരണത്തിൽ അനുകമ്പയ്ക്കുള്ള തടസ്സങ്ങൾ

ഈ അഞ്ച് വർഷത്തെ അനുകമ്പ അധിഷ്ഠിതമായ പര്യവേക്ഷണത്തിലൂടെ ഇതിൽ സഹകരിക്കുന്ന വിദഗ്ദ്ധരും പരിശീലകരും വ്യക്തികളെയും സ്ഥാപനങ്ങളെയും ആരോഗ്യപരിരക്ഷയുടെ പൊതുവായ സംസ്കാരത്തേയും ബാധിക്കുന്ന അനുകമ്പാപൂർവ്വമായ പരിചരണത്തെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. വ്യക്തിപരമായും സംവിധാനപരവുമായ തലങ്ങളിൽ അനുകമ്പയെ കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങളിലുടനീളം വരുന്ന ഈ പ്രമേയങ്ങൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

## വ്യക്തിഗതമായ തലത്തിൽ

- ***സമയക്കുറവ്:*** സംഘടനാപരവും സാമ്പത്തികവുമായ സമ്മർദ്ദം ആളുകളെയും സമുദായങ്ങളെയും ആഴത്തിൽ മനസ്സിലാക്കാനും അനുകമ്പാപൂർണ്ണമായ ഗുണമേന്മയുള്ള കരുതൽ നൽകുന്നതിനും വിഘാതമാകുന്നു.

- ***അധികജോലിഭാരം:*** ദീർഘനേരം വിഭവശേഷി കുറഞ്ഞ സാഹചര്യത്തിൽ ദീർഘനേരം അമിതമായി തൊഴിൽ ചെയ്യുന്നതും ജോലിയിൽ വേണ്ടത്ര അംഗീകാരമോ പ്രതിഫലമോ ലഭിക്കാതിരിക്കുന്നതും വ്യക്തിപരമായ അധഃപതനത്തിനും എരിഞ്ഞടങ്ങലിനും കാരണമാകുന്നു.

- ***ദൂരം:*** ക്ലേശങ്ങൾ അനുഭവിക്കുന്നവരിൽനിന്നും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ അകലം തെറ്റിദ്ധാരണയിലേക്കും പക്ഷപാതത്തിലേക്കും അനാവശ്യമായ കുറ്റപ്പെടുത്തലിലേക്കും നയിച്ചേക്കാം.

- ***അപര്യാപ്തതാബോധം:*** ആരോഗ്യ പരിരക്ഷണമേഖലയിൽ ആവശ്യങ്ങളുടെ വ്യാപ്തിയും കാഠിന്യവും അമിതമാകാം. അത് വേണ്ടവിധത്തിൽ അഭിമുഖീകരിക്കാനുള്ള ഒരാളുടെ ശേഷി അപര്യാപ്തമാകാം.

- ***സ്വയം അനുകമ്പയുടെ അഭാവം:*** ആരോഗ്യപ്രവർത്തകർക്ക് സ്വയംകരുതലിനുള്ള പരിശീലനം ഇല്ലായ്ക, സ്വയം പരിഗണനയുടെ ആവശ്യം

മനസ്സിലാക്കുന്നതിൽ പരാജയപ്പെടുക, സഹാനുഭൂതി മൂലമുണ്ടാകുന്ന മാനസികവിഷമങ്ങൾ, എരിഞ്ഞടങ്ങൽ, വൈകാരികമായ അകൽച്ച എന്നിവ അനുകമ്പാപൂർവ്വമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയേക്കാം.

**സംഘടനാപരമായ തലത്തിൽ**

- ***അധികാരത്തിന്റെ അസന്തുലിതാവസ്ഥയും ശ്രേണീബദ്ധതയും:*** വ്യവസ്ഥാപരമായ തലത്തിലും സാമൂഹികതലത്തിലും അനാരോഗ്യകരമായ അധികാരചലനാത്മകതയെ അഭിസംബോധന ചെയ്യാൻ അനുകമ്പ ആളുകളെ പ്രചോദിപ്പിക്കുന്നു. കാരണം ഇവ കഷ്ടപ്പാടുകൾ സൃഷ്ടിക്കുകയും വ്യക്തിഗതമായ പ്രചോദനത്തിന് വിഘാതമാകുകയും ചെയ്യുന്നു. ഇത് ആരോഗ്യപരിരക്ഷണസേവനങ്ങളുടെ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

- ***നേതൃത്വത്തിന്റെ പിന്തുണയില്ലായ്മ:*** രോഗീപരിചരണ തലത്തിലും തൊഴിൽപരമായ തലത്തിലും അനുകമ്പയും അതിനനുസൃതമായ സംഘടനാസംവിധാനവും വളർത്തിയെടുക്കാൻ സഹായിക്കുന്നതിനും ഡോക്ടർമാർ അത്യന്താപേക്ഷിതമാണ്. സ്ഥാനഭേദമെന്യേ നേതൃത്വത്തിലേയ്ക്കുയരാനും അനുകമ്പയുടെ മാതൃക കാണിക്കാനും സഹപ്രവർത്തകരെ ക്രിയാത്മകമായി സ്വാധീനിക്കാനും എല്ലാവരേയും അനുകമ്പയുടെ വഴിയിലൂടെ നയിക്കാനും അവർക്ക് സാധിക്കും.

- ***നേതൃത്വത്തിന്റെ പരിമിതികൾ:*** നേതാക്കൾ ശാസ്ത്രീയ തെളിവുകളും അനുകമ്പയോടെ നയിക്കാനുള്ള ആഗ്രഹവും പ്രകടിപ്പിക്കുമ്പോഴും പലപ്പോഴും സ്വയം അനുകമ്പ തങ്ങൾക്കില്ലെന്ന് അവർക്ക് അറിയില്ലായിരിക്കാം. ഇത് അവരുടെ ഉദ്ദേശ്യശുദ്ധിയേയും സാധ്യതകളേയും തടസ്സപ്പെടുത്തുന്നു.

- ***അനുകമ്പയ്ക്ക് മുൻഗണന നൽകുന്നതിന്റെ അഭാവം:*** സാമ്പത്തികസ്ഥിരത, ലാഭം, കാര്യക്ഷമത തുടങ്ങിയ മത്സരാധിഷ്ഠിത സമ്മർദ്ദങ്ങൾക്ക് പലപ്പോഴും അനുകമ്പയേക്കാൾ മുൻഗണന ലഭിക്കാറുണ്ട്. എന്നാൽ രോഗികൾ, ആരോഗ്യപ്രവർത്തകർ, ആരോഗ്യപരിരക്ഷാസൗകര്യങ്ങൾ എന്നിവയിൽ അനുകമ്പയോടുള്ള പരിചരണം ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കുന്നു എന്ന് ഗവേഷണം പ്രകടമാക്കുന്നു.

പരിചരിക്കപ്പെടുന്ന രോഗിയുടെ ചികിത്സാഫലങ്ങളും അനുകമ്പയും തമ്മിൽ ശക്തമായ ബന്ധമുണ്ടെന്ന് ശാസ്ത്രീയ തെളിവുകൾ ഉണ്ടെങ്കിലും ഈ തെളിവുകൾ ഇതുവരെ വ്യാപകമായി മനസ്സിലാക്കപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. രോഗനിർണ്ണയവൈദഗ്ദ്ധ്യത്തിനോ സാങ്കേതികമായ ഇടപെടലുകൾക്കോ അനുബന്ധമായ ഒരു 'മൃദു' നൈപുണ്യമായി അനുകമ്പ ഇപ്പോഴും കാണപ്പെടുന്നു. അനുകമ്പാശാസ്ത്രം അതിവേഗം പുരോഗമിക്കുകയാണെങ്കിലും അനുകമ്പയുടെ അളവെടുപ്പും മെച്ചപ്പെടുത്തലുമായും ബന്ധപ്പെട്ട തടസ്സങ്ങൾ അവശേഷിക്കുന്നു. അനുകമ്പയെക്കുറിച്ചുള്ള ഗവേഷണങ്ങളിൽ ഭൂരിഭാഗവും അനുകമ്പയുടെയും ക്രോസ് സെക്ഷണൽ പഠനരൂപകല്പനകളുടെയും സ്വയം അനുവർത്തിക്കുന്ന ചില നടപടികളെയും ആശ്രയിച്ചിരിക്കുന്നു. വ്യക്തി, സമൂഹം, സംവിധാനം എന്നീ തലങ്ങളിൽ അനുകമ്പയുടെ നിർണ്ണായകഘടകങ്ങളെ അഭിസംബോധന ചെയ്യുവാനും വ്യത്യസ്ത ക്രമീകരണങ്ങളിൽ അവയുടെ ഇടപെടലുകൾ പരിശോധിക്കാനും ചില പഠനങ്ങൾ സാധ്യതയൊരുക്കിയിട്ടുണ്ട്. മിക്ക ഗവേഷണങ്ങളും വികസിതരാജ്യങ്ങളിലാണ് നടന്നിട്ടുള്ളത് എന്നതിനാൽ ഇത് ലോകത്തിലെ മറ്റു വികസ്വര ഭാഗങ്ങളിലേക്ക് സാമാന്യവൽക്കരണം നടത്തുന്നതിൽ പരിമിതിയുണ്ട്. മാത്രമല്ല അനുകമ്പ പലപ്പോഴും ഒരു വ്യക്തിഗതമായ വൈദഗ്ദ്ധ്യമായാണ് മനസ്സിലാക്കപ്പെടുന്നത്. ഇതുപ്രകാരം ഇത് ഏകദിശയിലുള്ള ദാതാവിൽനിന്ന് സ്വീകർത്താവിലേക്ക് ഒരിടപാടായാണ് കണക്കാക്കപ്പെടുന്നത്. ഇപ്രകാരമുള്ള അമിതമായ ലളിതവത്കരണം അനുകമ്പയുടെ സന്ദർഭോചിതവും ബന്ധപരവും സങ്കീർണ്ണവുമായ മാനുഷികമാനങ്ങളെ അവഗണിക്കുന്നു.

# 6 അടിത്തറയൊരുക്കൽ

ലോകമെമ്പാടുമുള്ള ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് അനുകമ്പയുടെ പങ്ക് എടുത്തുകാണിക്കുകയും അത് നമ്മുടെ പരിശ്രമങ്ങളുടെ മുൻപന്തിയിൽ കൊണ്ടുവരികയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്. പരസ്പരബന്ധിതമായ പ്രാഥമിക പരിചരണത്തിനും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന സംയോജിത ആരോഗ്യ സേവനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും ബഹുമുഖതലത്തിലുള്ള നയവും പ്രവർത്തനവും നടത്തുന്നതിന് അനുകമ്പ പരമപ്രധാനമാണ്. പ്രാഥമിക ആരോഗ്യ പരിചരണ ചട്ടക്കൂടിൽ അനുകമ്പയുടെ ഈ പ്രധാന പങ്ക് ഫലപ്രദമായി ഉൾക്കൊള്ളുന്നതിനായി വ്യക്തികളുടെ നിരന്തരമായ ശ്രദ്ധയും ശ്രമവും പഠനവും പിന്തുണയും നൽകാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. പ്രാഥമിക ആരോഗ്യം കേന്ദ്രീകരിച്ചുള്ള ശ്രമങ്ങളുടെ കാതലായി അനുകമ്പ എന്ന ആശയം നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള മൂന്ന് തന്ത്രപരമായ സമീപനങ്ങളെ പ്രതിഫലിപ്പിക്കുന്നതിനുള്ള ആദ്യപടിയായി ഈ രേഖ പ്രവർത്തിക്കുന്നു.

**മെച്ചപ്പെട്ട ബോധവൽക്കരണം:**

പ്രാഥമികാരോഗ്യസംരക്ഷണഘടനയെ അനുകമ്പയിൽ കേന്ദ്രീകൃതമാക്കുന്നതിന് അനുകമ്പയുടെ പങ്കിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനും അഭിവൃദ്ധി പ്രാപിക്കുന്നതിനും ഈ മേഖലയിലേക്ക് തങ്ങളെ ആകർഷിച്ച പ്രചോദനങ്ങളുമായി വീണ്ടും ബന്ധപ്പെടാൻ ആരോഗ്യപ്രവർത്തകരെയും പൊതുജനാരോഗ്യവിദഗ്ദ്ധരെയും പ്രോത്സാഹിപ്പിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. ഇതിനൊപ്പം അനുകമ്പാപൂർണ്ണമായ അനുഭവങ്ങളുടെയും പ്രവർത്തനത്തിലെ വിജയങ്ങളുടെയും ഉദാഹരണങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് വ്യക്തിപരവും കൂട്ടായതുമായ അനുകമ്പ വർദ്ധിപ്പിക്കുന്നതിന് അഭികാമ്യമായിരിക്കും. സുദൃഢമായ പ്രവർത്തനങ്ങളിലൂടെ അനുകമ്പ പ്രത്യക്ഷവും ദൃശ്യവുമാക്കുന്നത് ഗുണപരമായ പ്രഭാവവും ആശയവിനിമയത്തിന്റെ പുതിയ മാനദണ്ഡങ്ങളും സൃഷ്ടിക്കാൻ ഇടയാക്കും. ഇത്തരമൊരു സംവിധാനത്തിൽ ഇടപെടുന്ന

ഓരോ വ്യക്തിക്കും അവരുടെ അനുകമ്പാ പ്രകടനത്തിലൂടെ വളരെ ശക്തമായ പ്രഭാവമുണ്ടെന്ന് തിരിച്ചറിയുക എന്നതാണ് ഈ അവബോധത്തിന്റെ ഒരു പ്രധാന വശം.

## ശേഷി വർദ്ധിപ്പിക്കൽ

ഔപചാരികവും അനൗപചാരികവുമായ ശ്രമങ്ങളിലൂടെ അനുകമ്പയുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നത് വളരെ പ്രധാനമാണ്. പ്രാഥമികാരോഗ്യസംരക്ഷണ നേതൃത്വത്തെ[22] ശക്തിപ്പെടുത്തുന്നതിനുള്ള ആഗോള ശേഷി വർദ്ധിപ്പിക്കൽ പഠനക്രമത്തിന്റെ ഭാഗമായ ലോകാരോഗ്യസംഘടനയുടെ അക്കാദമിക് ലേണിംഗ് മോഡ്യൂൾ അത്തരമൊരു പ്രൊഫഷണൽ വികസനാവസരത്തിന്റെ ഉദാഹരണമാണ്. കൂടുതൽ പ്രൊഫഷണൽ വികസന സംരംഭങ്ങളിലൂടെ അനുകമ്പയെ പരിശീലന പാഠ്യപദ്ധതിയിലേക്കും (വൈദ്യപഠനം, നഴ്സിംഗ്, അനുബന്ധ ആരോഗ്യതൊഴിലുകൾ) പൊതുജനാരോഗ്യപരിശീലകർക്കും നയം രൂപീകരിക്കുന്നവർക്കുമുള്ള വിദ്യാഭ്യാസപരിപാടികളിലേക്കും സംയോജിപ്പിക്കുന്നത് പരിഗണിക്കാം. അനൗപചാരികമായി സഹപ്രവർത്തകർ തമ്മിൽ നടത്തുന്ന സഹകരണം അനുകമ്പയുടെ പ്രചോദനങ്ങളെ ശക്തിപ്പെടുത്താനും അനുകമ്പയെ ഒരു പ്രധാനമൂല്യമായി ഉയർത്തിപ്പിടിക്കാനും ഉതകുന്ന ദൈനംദിന ആചരണങ്ങളിൽ സഹായിച്ചേക്കാം. ഇതിനോടൊപ്പം സംഘടനാതലത്തിലുള്ള തുടർച്ചയായ ശ്രമങ്ങൾ ഔപചാരികവും അനൗപചാരികവുമായ ഒരു പൊതുസ്വരം സ്ഥാപിക്കാനും പ്രതീക്ഷ നിലനിർത്തിക്കൊണ്ടുവരാനും സഹായിക്കുന്നു. നിരന്തരമായ ആന്തരിക പ്രക്രിയയെക്കുറിച്ചും അനുകമ്പ വളർത്തിയെടുക്കാൻ ആവശ്യമായ വ്യവസ്ഥാപരമായ മാറ്റങ്ങളെക്കുറിച്ചും പ്രവർത്തകരെ ഇത് ഓർമ്മിപ്പിക്കുന്നു.

## നയരൂപീകരണത്തെയും ഗവേഷണത്തെയും സ്വാധീനിക്കൽ

പ്രാഥമികാരോഗ്യപരിചരണപ്രവർത്തകർക്കിടയിൽ അനുകമ്പയ്ക്കുള്ള കഴിവും ശേഷിയും വർദ്ധിപ്പിക്കുന്നതിനപ്പുറം സംഘടനകളെ അവയുടെ ദൈനംദിനനയങ്ങളിലും പ്രവർത്തനങ്ങളിലും അനുകമ്പയെക്കുറിച്ച് പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നതിന് കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്. ആരോഗ്യപരിരക്ഷാസേവന സൗകര്യങ്ങളും അവയുടെ ചുറ്റുമുള്ള സമൂഹങ്ങളും തമ്മിലുള്ള അനുകമ്പയുടെ ബഹുമുഖതലങ്ങളും നയങ്ങളും അവലോകനം ചെയ്യുന്നത് തുടർവിലയിരുത്തൽ സാദ്ധ്യമാക്കു

ന്നു. അനുകമ്പയുടെ പ്രകടനമോ അതിന്റെ അഭാവമോ സാഹചര്യത്തെ ആശ്രയിച്ചിരിക്കുന്നു. സംഘടനയിലോ സംവിധാനത്തിലോ പ്രവർത്തിക്കുന്നവർ സഹായകരേയും വിഘാതങ്ങളെയും തിരിച്ചറിയുകയും സൃഷ്ടിപരമായ പരിഹാരങ്ങൾ തേടുകയും വേണം. അനുകമ്പയ്ക്കുള്ള ബഹുമുഖമായ തടസ്സങ്ങൾ വ്യക്തിഗതതലത്തിൽ നിന്നു തുടങ്ങി വ്യവസ്ഥാപിതമായ തലം വരെയും നിരന്തരം വിലയിരുത്താൻ സാധിക്കും. സഹപ്രവർത്തകർ തമ്മിലുള്ള ചലനാത്മകത കൂട്ടായ്മയുടെ തലത്തിലുള്ള അനുകമ്പ വിലയിരുത്തുന്നതിൽ നിർണ്ണായകമാണ്. ഈ തടസ്സങ്ങൾ മനസ്സിലാക്കുന്നതിനും അവ മറികടക്കുന്നതിനുമുള്ള പരിഹാരങ്ങൾ രൂപകല്പന ചെയ്യുന്നതിനും തുടർച്ചയായ അനുഭവങ്ങളുടെ സംയോജനത്തോടൊപ്പം സജീവഗവേഷണവും ആവശ്യമാണ്.

ബോധവൽക്കരണം, ശേഷി വർദ്ധിപ്പിക്കൽ, നയങ്ങളെയും ഗവേഷണങ്ങളെയും സ്വാധീനിക്കൽ തുടങ്ങിയ നടപടികൾ പ്രാഥമിക ആരോഗ്യ സംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യസംവിധാനങ്ങളിൽ അനുകമ്പ സംയോജിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഇതുകൂടാതെ വിവിധ മേഖലകളിലെ സഹകരണവും മുഴുവൻ വ്യക്തികളെയും സമൂഹങ്ങളെയും പരിപാലിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് പരമപ്രധാനമാണ്. അനുകമ്പ ലോകമെമ്പാടുമുള്ള രാജ്യങ്ങളുടെ പ്രധാന മുൻഗണനയാണ്. ഈ രേഖയിൽ പര്യവേക്ഷണം ചെയ്ത അനുകമ്പയുടെ പങ്ക് ശ്രദ്ധാപൂർവ്വം പരിശോധിക്കുന്നത് പ്രാഥമികാരോഗ്യരംഗത്തിനും ഗുണപരമായിരിക്കും. പ്രാഥമികപരിചരണത്തിനും സാമൂഹിക ക്രമീകരണങ്ങൾക്കുമുള്ള ദൈനംദിനഇടപെടലുകളിൽ പ്രാഥമിക ആരോഗ്യപ്രവർത്തകരെ പ്രചോദിപ്പിക്കുക എന്നതിനു മാത്രമല്ല, ആരോഗ്യ സംവിധാനങ്ങളെ പ്രാഥമികാരോഗ്യസംരക്ഷണരീതിയിലേക്ക് പുനഃക്രമീകരിക്കുന്നതിനുള്ള പരിവർത്തനപ്രവർത്തനത്തിന് ശക്തമായ ഉത്തേജകമായി പ്രവർത്തിക്കാനും അനുകമ്പയ്ക്ക് സാധിക്കും.

# Further information

## Resources from WHO

- *Operational Framework for Primary Health Care: transforming vi-sion into action* [9]: Can be utilized to strengthen health systems and support countries in scaling up national implementation efforts on PHC. It provides a series of 14 interdependent, interrelated and mutually reinforcing levers for action, including four core strategic and 10 operational levers.
- *Implementing the primary health care approach: a primer* [23]: Of-fers a contemporary understanding of PHC and more conceptual clarity for strengthening PHC-oriented health systems. It does so by consolidating both scientific evidence and an extensive sample of practical experiences across countries for the needed evidence to address practical implementation issues.
- *Strengthening primary health care leadership: global capacity build-ing course* [22]: This course offers health-care leaders the opportunity to (re)focus on their shared vision, values and skills to reorient their health systems towards PHC. Module 10 specifically delves into leading with compassion.

## Resources from the Task Force for Global Health

- *Twelve reports from the Global Health Compassion Rounds* [24]: This webpage contains the reports that summarize three years of discussions on compassion in various aspects of global health. The recorded videos are also accessible from this page.
- *Synthesis report: 12 rounds and counting* [25]: This report draws to-gether the key themes discussed during three years of the Global Health Compassion Rounds, including panellist quotes and topics for ongoing discussion.
- *Compassion: an engine for primary health care* [26]: This webpage contains a summary document and recorded video of a collaborative webinar on compassion in PHC.

# References

1. Weng HY, Fox AS, Shackman AJ, Stodola DE, Caldwell JZ, Olson MC et al. Compassion training alters altruism and neural responses to suffering. Psychol Sci. 2013;24:1171–80. doi: 10.1177/0956797612469537.

2. Gilbert P, Basran J, Plowright P, Matos M, Kirby J, Petrocchi N. Fears and resistances to mindfulness: development of a self-report scale. Mindfulness. 2023;14:2602–16. doi: 10.1007/s12671-023-02171-y.

3. Trzeciak S, Roberts BW, Mazzarelli AJ. Compassionomics: hypothe-sis and experimental approach. Med Hypotheses. 2017;107:92–7. doi: 10.1016/j.mehy.2017.08.015.

4. Crawford P, Brown B, Kvangarsnes M, Gilbert P. The design of com-passionate care. J Clin Nurs. 2014;23:3589–99. doi: 10.1111/jocn.12632.

5. Tierney S, Seers K, Tutton E, Reeve J. Enabling the flow of compas-sionate care: a grounded theory study. BMC Health Serv Res. 2017;17:174. doi: 10.1186/s12913-017-2120-8.

6. Sinclair S, Norris JM, McConnell SJ, Chochinov HM, Hack TF, Ha-gen NA et al. Compassion: a scoping review of the healthcare liter-ature. BMC Palliat Care. 2016;15:6. doi: 10.1186/s12904-016-0080-0.

7. WHO, UNICEF. Primary health care: report of the International Confer-ence on Primary Health Care, Alma-Ata, USSR, 6–12 Sep-tember 1978, jointly sponsored by the World Health Organization and the United Nations Children’s Fund. Geneva: World Health Or-ganization; 1978 (https://iris.who.int/ handle/10665/39228, accessed 4 November 2024).

8. Declaration of Astana: Global Conference on Primary Health Care: Astana, Kazakhstan, 25 and 26 October 2018. Geneva: World Health Organization; 2018 (https://iris.who.int/handle/10665/328123, accessed 4 November 2024).

9. WHO, UNICEF. Operational Framework for Primary Health Care: transforming vision into action. Geneva: World Health Organization; 2020 (https://iris.who.int/handle/10665/337641, accessed 4 November 2024).

10. Global Health Compassion Rounds – 4 December 2019: learning synthesis brief. Decatur (GA): Task Force for Global Health; 2019 (https://www.taskforce.org/compassion-in-humanitarian-services-vol-1, accessed 4 November 2024).

11. Global Health Compassion Rounds – 29 April 2020: compassion and COVID-19. Decatur (GA): Task Force for Global Health; 2020 (https://www.taskforce.org/global-health-compassion-roundsvolume- 2, accessed 4 November 2024).

12. Global Health Compassion Rounds – 3 August 2020: is compassion essential for quality health care? Decatur (GA): Task Force for Global Health; 2020 (https://www.taskforce.org/global-healthcompassion- rounds-volume-3-report, accessed 4 November 2024)

13. Global Health Compassion Rounds – 24 November 2020: what is the role of faith in cultivating compassion in global health? Decatur (GA): Task Force for Global Health; 2020 (https://www.taskforce.org/global-health-compassion-rounds-volume-4-report, accessed 4 November 2024)

14. Global Health Compassion Rounds – 11 March 2021: compassion-ate leadership in global health. Decatur (GA): Task Force for Global Health; 2021 (https://www.taskforce.org/global-healthcompassion- rounds-volume-5-report, accessed 4 November 2024).

15. Global Health Compassion Rounds – 17 June 2021: compassion, WASH & quality of care. Decatur (GA): Task Force for Global Health; 2021 (https://www.taskforce.org/global-health-compassion-roundsvolume- 6-report, accessed 4 November 2024).

16. Global Health Compassion Rounds – 22 September 2021: the move-ment to eliminate NTDs: successes & challenges of a foundation in compassion. Decatur (GA): Task Force for Global Health; 2021 (https:// www.taskforce.org/the-movement-to-eliminate-ntds-suc-cesses-challenges-of-a-foundation-incompassion- vol-7, accessed 4 November 2024).

17. Global Health Compassion Rounds – 16 December 2021: global health compassion and respectful maternal & newborn care. Decatur (GA): Task Force for Global Health; 2021 (https:// www.taskforce.org/global-health-compassion-and-respectful-maternal-newborn-care-exploring-intersectionssynergies- vol-8, ac-cessed 4 November 2024).

18. Global Health Compassion Rounds – 23 March 2022: quality pallia-tive care: compassion in action. Decatur (GA): Task Force for Global Health; 2022 (https://www.taskforce.org/quality-palliative-carecompassion-in-action, accessed 4 November 2024).

19. Global Health Compassion Rounds – 21 June 2022: sharing stories of "compassion in action" in global health. Decatur (GA): Task Force for Global Health; 2022 (https://www.taskforce.org/sharing-storiesof- compassion-in-action, accessed 4 November 2024).

20. Global Health Compassion Rounds – 27 September 2022: translat-ing science into action: measuring and enhancing compassion. De-catur (GA): Task Force for Global Health; 2022 (https://www.taskforce.org/translating-science-into-action-measuring-and-enhancing-compassion, accessed4 November 2024).

21. Global Health Compassion Rounds – 20 December 2022: three years in synthesis: connecting the dots & charting a way forward. Decatur (GA): Task Force for Global Health; 2022 (https://www.taskforce.org/three-years-in-synthesis-connecting-the-dots-charting-a-way-forward, accessed 4 November 2024).

22. Strengthening primary health care leadership: global capacity build-ing course. Geneva: World Health Organization; 2024 (https://www.who.int/teams/primary-health-care/evidence-and-innova-tion/strengthening-primary-health-care-leadership—global-ca-pacity-building-course, accessed 4 November 2024).

23. Rajan D, Rouleau K, Winkelmann J, Jakab M, Kringos D, Khalid F. Implementing the primary health care approach: a primer. Geneva: World Health Organization; 2024 (https://iris.who.int/ han-dle/10665/376777, accessed 4 November 2024).

24. Global Health Compassion Rounds [website]. Decatur (GA): Task Force for Global Health; 2024 (https://www.taskforce.org/face-global-health-compassion-rounds, accessed 4 November 2024).

25. Global Health Compassion Rounds – 2 February 2023: synthesis report: 12 rounds and counting. Decatur (GA): Task Force for Global Health; 2023 (https://www.taskforce.org/global-health compassion-rounds-1-12-synthesis, accessed 4 November 2024).

26. Compassion: an engine for primary health care [website]. Decatur (GA):Task Force for Global Health; 2023 (https:// www.taskforce.org/primary-health-care, accessed 4 Novem ber 2024).

# അനുകമ്പയും ആരോഗ്യപരിചരണവും

പരിഭാഷ : ഡോ. സനിത സത്യൻ

മനുഷ്യരാശിയുടെ സാർവ്വത്രികമായ പങ്കിടൽ അനുഭവത്തിൽ നിന്നാണ് അനുകമ്പ ഉടലെടുക്കുന്നത്. സാമൂഹികനീതി, ആരോഗ്യപരമായ തുല്യത, മനുഷ്യന്റെ അന്തസ്സ്, സമൃദ്ധി എന്നിവയുടെ സേവനത്തിനായി ഇതിനെ വളർത്താനും ഉപയോഗിക്കാനും വഴിതിരിച്ചുവിടാനും കഴിയും. ആഗോള ആരോഗ്യത്തിനായുള്ള ഒരു പ്രധാനമൂല്യമാണ് അനുകമ്പ. ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഇത് നിർണ്ണായകമാണ്.

ആരോഗ്യ സംരക്ഷണസേവനങ്ങളുടെ ഗുണമേന്മയിലും പ്രാഥമിക ആരോഗ്യപരിപാലനവുമായുള്ള പരസ്പരബന്ധങ്ങളിലും പ്രത്യേക ശ്രദ്ധചെലുത്തി ആഗോള ആരോഗ്യത്തിൽ അനുകമ്പയുടെ പങ്കിനെക്കുറിച്ചുള്ള ലോകാരോഗ്യസംഘടനയുടെ നേതൃത്വത്തിൽ നടന്ന അന്വേഷണത്തിലൂടെ കണ്ടെത്തിയ പ്രധാനകാര്യങ്ങളും സന്ദേശങ്ങളും ഈ രേഖയിൽ സംഗ്രഹിച്ചിരിക്കുന്നു.

പ്രസാധനം

**ദയ ഹോസ്പിറ്റൽ പബ്ലിക്കേഷൻസ് സൊസൈറ്റി,**
**തൃശൂർ 680022**
**ഫോൺ: 85471 33088**

സംഭാവന 50 രൂപ. തപാലിൽ ലഭിക്കുവാൻ 100 രൂപ.